മി. സ്പീക്കർ : ഓർഡർ....ഓർഡർ ചോദ്യം നമ്പർ *601

മി. സ്പീക്കർ : യെസ്...യെസ്.

കസ്തൂരി രംഗൻ റിപ്പോർട്ട്

*601 ശ്രീ. സാജു പോൾ:

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:

ശ്രീ. ബി. ഡി. ദേവസ്സി : സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ: സർ,

(എ) കസ്തൂരി രംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ദുർബല മേഖലകളെ തരം തിരിച്ച് വീണ്ടും റിപ്പോർട്ട് നൽകാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) പരിസ്ഥിതി മന്ത്രാലയം ഇത് സംബന്ധമായി 2015 ജൂലൈ 7 ന് വിളിച്ച ചേർത്ത യോഗത്തിൽ സംസ്ഥാനത്തുനിന്ന് ബന്ധപ്പെട്ട മന്ത്രി പങ്കെടുക്കുകയുണ്ടായോ ; മലയോര ജനതയുടെ ആശങ്ക പരിഹരിക്കാൻ പ്രസ്തുത യോഗത്തിൽ സ്വീകരിച്ച നിലപാട് വെളിപ്പെടുത്തുമോ ;

(സി) ഇക്കാര്യത്തിൽ അന്തിമ വിജ്ഞാപനം എപ്പോൾ പുറത്തിറക്കുമെന്നാണ്

യോഗം തീരുമാനിച്ചിട്ടുള്ളത്; കരട് വിജ്ഞാപനത്തിന്റെ കാലാവധി കഴിയുന്നതെപ്പോഴാണ് ;

(ഡി) സർക്കാർ നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുകയുണ്ടായിട്ടുണ്ടോ; ഇതു നിലനിൽക്കെ വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ദുർബ്ബല മേഖലകളെ തരംതിരിച്ച് റിപ്പോർട്ട് നൽകാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പായി പരിസ്ഥിതിലോല വില്ലേജുകളുടെ അതിർത്തി വിവരണ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് പരിസ്ഥിതി ലോല പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയം സംബന്ധിച്ച പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിനാണ് 2015 ജൂലൈ മാസം 7-ാം തീയതി പരിസ്ഥിതി മന്ത്രാലയം യോഗം വിളിച്ചുചേർത്തത്. നിയമസഭാ സമ്മേളനത്തിൽ വനം-പരിസ്ഥിതി വകുപ്പുമന്ത്രിക്ക് പങ്കെടുക്കേണ്ടിയിരുന്നതിനാൽ വനം-പരിസ്ഥിതി

വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ് ഈ യോഗത്തിൽ പങ്കെടുത്തത്.

(സി) അന്തിമവിജ്ഞാപനം 2015 സെപ്റ്റംബറോടുകൂടി പുറപ്പെടുവിക്കാനാവുമെന്ന സൂചനയാണ് ബഹുമാനപ്പെട്ട കേന്ദ്ര വനം-പരിസ്ഥിതി വകുപ്പുമന്ത്രി യോഗത്തിൽ നൽകിയത്. കരട് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി വിവരണം അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് 2015 ജൂലൈ 30 വരെ മാത്രമേ സമയം നൽകുകയുള്ളൂയെന്ന് അറിയിക്കുകയാണ് ചെയ്തത്.

(ഡി) കസ്തൂരിരംഗൻ ശിപാർശകൾ സംബന്ധിച്ച് പഠനം നടത്തി അഭിപ്രായം സമർപ്പിക്കാനായി സംസ്ഥാന സർക്കാർ പ്രൊഫ. ഉമ്മൻ.വി. ഉമ്മൻ കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ടി കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളതും സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ പരിസ്ഥിതിലോല പ്രദേശങ്ങളുടെ കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. കരട് വിജ്ഞാപന പ്രകാരം പരിസ്ഥിതിലോല പ്രദേശം ആകെ 9993.7 ചതുരശ്ര കിലോമീറ്റർ ആണ്. അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പായി പരിസ്ഥിതിലോല വില്ലേജുകളുടെ അതിർത്തി വിവരണ റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് കേരളത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്. അതിർത്തി വിവരണ റിപ്പോർട്ട് 30-07-2015 ന് മുമ്പായി നൽകാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ആ കൂട്ടത്തിൽ ഇന്ന് ആ റിപ്പോർട്ട്

കൊടുക്കുന്നതിനുവേണ്ടി ഫോറസ്റ്റ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ഉമ്മൻ വി. ഉമ്മനും ഡൽഹിക്ക് പോകുന്നുണ്ട്.

(ശ്രീ. സാജുപോൾ-നു വേണ്ടി ശ്രീ. വി. ചെന്താമരാക്ഷൻ): സർ, കേരളത്തിന്റെ പാരിസ്ഥിതിക സംരക്ഷണവുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് പശ്ചിമഘട്ട സംരക്ഷണം. അതിനെ സംബന്ധിച്ചാണ് ഈ വിഷയം ചർച്ച ചെയ്തത്. ഇത് പറയുമ്പോൾതന്നെ കേരളത്തിന്റെ പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് ഈ വനഭൂമികൾ സമ്പൂർണ്ണമായി ഒഴിവാക്കേണ്ടതുണ്ട്. വനഭൂമി നിർവ്വചിച്ചിട്ടുണ്ടെങ്കിലും പല ആളുകളും വനഭൂമി സ്വന്തമായി കൈക്കലാക്കായിട്ടുണ്ട്. അത്തരം ആളുകളെ പൂർണ്ണമായും ഇതിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. രണ്ടു വിഷയമാണ് ഇതിൽ വരുന്നത്. ഒന്നാമത്തേത് വനഭൂമി സംരക്ഷണമാണ്. രണ്ടാമത് കാലാകാലങ്ങളായി മനുഷ്യൻ ജീവിച്ചുകൊണ്ടിരിക്കുന്ന പ്രദേശങ്ങൾ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന പ്രശ്നം. അതു പറഞ്ഞുകൊണ്ട് ഈ വനഭൂമിയിൽ കയ്യേറ്റം നടത്തി സ്വന്തമാക്കിയിട്ടുള്ള ആളുകൾ രക്ഷപ്പെടുന്നതിനുവേണ്ടിയിട്ടുള്ള പരിശ്രമം നടത്തികൊണ്ടിരിക്കുകയാണ്. അത് തടയാൻ ബഹുമാന്യനായ മന്ത്രിയുടെ ഭാഗത്തുനിന്നും ഗവൺമെന്റിന്റെ ഭാഗത്തു

നിന്നും എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നാണ് എന്റെ ഒന്നാമത്തെ ചോദ്യം ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ കൊടുത്തിട്ടുള്ള ഒരു കൺസിസ്റ്റന്റായിട്ടുള്ള ഒരു സ്റ്റാന്റുണ്ട്. 9993.7 സ്ക്വയർ കിലോമീറ്ററാണ് ഇതിൽ പരിസ്ഥിതിലോല പ്രദേശമായി കണ്ടെത്തിയിട്ടുള്ളത്. കൂട്ടിക്കൽ, മേലുക്കാവ്, പൂഞ്ഞാർ - തെക്കേക്കര, തീകോയ് എന്നീ നാലു വില്ലേജുകളിൽ വനമില്ല. ഇത് ഒഴിവാക്കി കഴിഞ്ഞപ്പോൾ 154.35 സ്ക്വയർ കിലോമീറ്റർ അതിൽ നിന്നും ഒഴിവായി. അവശേഷിക്കുന്ന 9839.35 സ്ക്വയർ കിലോമീറ്ററും അതിനോടുകൂടി .036 ചേർത്ത് 9839.3 സ്ക്വയർ കിലോമീറ്ററാണ് ഇ.എസ്.എ. ആയിട്ട് ചേർത്തിട്ടുള്ളത്. അതുകൊണ്ട് ഇ.എസ്.എ.ക്കുറിച്ചാണ് കസ്തൂരി രംഗൻ റിപ്പോർട്ടിനകത്ത് വരുന്നത്. ഇ.എസ്.എ. ആയി സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളതും കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതും. 9839.3 സ്ക്വയർ കിലോമീറ്ററാണ്.

<u>(ശ്രീ. സാജുപോൾ-നു വേണ്ടി ശ്രീ. വി. ചെന്താമരാക്ഷൻ):</u> സർ, വനഭൂമി കയ്യേറിയിട്ടുള്ളവർ അത് നിലനിർത്തുന്നതിനുവേണ്ടിയിട്ടുള്ള പരിശ്രമം നടത്തുന്നുണ്ട്. അതിനെ സർക്കാർ ഏതുവിധത്തിൽ മറകടക്കുമെന്നാണ് ചോദിച്ചത്. അത് ഇ.എസ്.എ.യുടെ പരിധിയിൽ വരുന്നതെന്നാണ് മന്ത്രിയുടെ മറുപടിയിൽ

പറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

എന്റെ മണ്ഡലത്തിലെ മുതലമട ഗ്രാമപഞ്ചായത്തിലുള്ള ഒരു വില്ലേജ് ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. അവിടെ ഈ വില്ലേജിന്റെ പരിധിയിൽ റയിൽവേ ലൈനുണ്ട്. ഈ റയിൽവേ ലൈൻ നൂറ്റാണ്ടുകൾക്കു മുമ്പ് ആരംഭിച്ചതാണ്. ഈ റയിൽവേ ലൈൻ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഇ.എസ്.എ.യിൽ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ അവിടെയുള്ള ആയിരക്കണക്കിന് ആളുകൾക്ക് നിരവധിയായിട്ടുള്ള ജീവിത പ്രതിസന്ധി തന്നെയുണ്ടാകും. അത്തരം കാര്യങ്ങളിൽ അത് ഒഴിവാക്കാനാവശ്യമായിട്ടുള്ള എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; അതുപോലെ നെല്ലിയാമ്പതി ഗ്രമപഞ്ചായത്തിലും ഈ പ്രശ്നങ്ങളുണ്ട്. അതൊഴിവാക്കി കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നതാണ് രണ്ടാമത്തെ വിഷയം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ചോദിച്ചതിനകത്ത് ചെറിയ contradiction-നുണ്ട്. ഞാൻ ഇതിനകത്ത് contradiction-നിലല്ല കേന്ദ്രീകരിക്കുന്നത്. ഇതിൽ കേരളത്തിന്റെ പൊതുവായ ഒരു സമവായമുണ്ടാകണം. അതിനുവേണ്ടിയുള്ള പരിശ്രമത്തിലാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ആദ്യം 13108 സ്ക്വയർ കിലോമീറ്ററായിരുന്ന ഈ ഏരിയ ആയി ആകെ ഐഡന്റിഫൈ ചെയ്തത്. അതിനകത്ത് പിന്നീട് 3114 സ്ക്വയർ കിലോമീറ്റർ

ഒഴിവാക്കി. അവസാനം നേരത്തെ പറഞ്ഞ കണക്കിനകത്ത് തന്നെ 9839.3 സ്ക്വയർ കിലോമീറ്റർ വരികയാണ്. ഈ പറയുന്നതിനകത്ത് മനുഷ്യവാസ പ്രദേശങ്ങൾ, കൃഷിയിടങ്ങൾ, അതുപോലുള്ള സ്ഥലങ്ങൾ എല്ലാം നമ്മൾ ഒഴിവാക്കുകയാണ്. അങ്ങനെയുള്ള സ്ഥലങ്ങൾ ഒഴിവാക്കിയതിനുശേഷമാണ് ആക്ച്വൽ പൊസിഷൻ എടുക്കുന്നത്. അങ്ങനെയാണ് ഉമ്മൻ വി. ഉമ്മൻ രൂപീകരിച്ച കമ്മിറ്റി താഴെത്തട്ടിൽപോയി എല്ലാ ആളുകളുടെയും അഭിപ്രായമറിഞ്ഞ് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ള കമ്മിറ്റി അവിടെ ചെന്ന് കൺസൾട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ എല്ലാവരുംകൂടി ഒപ്പിട്ട കഡസ്ട്രൽമാപ്പ് ആണ് നമ്മൾ ആധാരമാക്കിയിട്ടുള്ളത്. ആ map ആണ് ഇന്ത്യ ഗവൺമെന്റിന്റെ മുന്നിൽ കൊടുക്കാനായി ശ്രീ. മാരാപാണ്ഡ്യന്റെയും ശ്രീ. ഉമ്മൻ. വി. ഉമ്മന്റെയും നേതൃത്വത്തിൽ ഡൽഹിയിൽ അവർ പോകുന്നത്. അതുകൊണ്ട് കേരള ഗവൺമെന്റിന് ഇക്കാര്യത്തിൽ വളരെ ക്ലിയർ കട്ട് ഐഡിയയാണുള്ളത്. വളരെ കൺസിസ്റ്റന്റായുള്ള ആശയമാണുള്ളുള്ളത്.

(ശ്രീ. കെ.കെ. ജയചന്ദ്രനുവേണ്ടി ശ്രീ. ജെയിംസ് മാത്യൂ): സർ, അത്യന്തം പ്രാധാന്യമുള്ള ഒരു വിഷയമാണ് ചർച്ച ചെയ്യുന്നത്. കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലക്ഷകണക്കിനാളുകൾ ആശങ്കാകുലരാകുകയും അതിന്റെ

ഭാഗമയി വലിയ പ്രതിഷേധവും ഉയർന്നു വന്ന സാഹചര്യത്തിലാണ് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയെ ഗവൺമെന്റ് നിയോഗിച്ചത്. എന്നാൽ കമ്മിറ്റിയുടെ മുമ്പാകെയുള്ള ടേംസ് ഓഫ് റഫറൻസ് സംബന്ധിച്ചും കമ്മിറ്റിയുടെ റിപ്പോർട്ട് സംബന്ധിച്ചും ഈ സഭയിൽ ചർച്ച ചെയ്യാനോ ഗൗരവപൂർവ്വമായ ഒരു പരിശോധനയ്ക്കോ ഗവൺമെന്റ് തയ്യാറാകാത്തത് അത്യന്തം ഖേദകരമാണ്. എന്റെ ചോദ്യം, ഗവൺമെന്റ് ഈ കാര്യത്തിൽ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശങ്ങളുടെ സംരക്ഷണവും ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവിതത്തെയും സന്തുലിതമായി കണ്ടുകൊണ്ട് ഉചിതമായ ഒരു സ്ട്രാറ്റജി, ഒരു പോളിസി ഉണ്ടാക്കി അതിന്റെ അടിസ്ഥാനത്തിലാണോ ഉമ്മൻ വി ഉമ്മൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുള്ളത് ; അത്തരത്തിലുള്ള ഗവൺമെന്റിന്റെ നയപരമായ ഒരു നിലപാടിനെ കൃത്യമായി പരിശോധിച്ച് ആവശ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് സമർപ്പിക്കുന്ന രീതിയിലാണോ അത്തരം ഒരു കമ്മിറ്റി നിയോഗിക്കപ്പെട്ടത്; അല്ലെങ്കിൽ സ്വാഭാവികമായും കേന്ദ്ര-വനം പരിസ്ഥിതി വകുപ്പിന്റെ ഭാഗത്തുനിന്ന് ഈ സമർപ്പിക്കപ്പെട്ട റിപ്പോർട്ട് പാരിസ്ഥിതിക പ്രശ്നങ്ങടേയും ശാസ്ത്രീയമായ നിഗമനങ്ങളുടേയും അടിസ്ഥാനത്തിൽ ന്യായീകരിക്കാൻ പറ്റാത്തതാണെന്നുള്ള നിലാപട് ഉയർന്നുവന്നാൽ ഈ

ഗവൺമെന്റ് അതിന് കൊടുക്കേണ്ടി വരുന്ന വില വളരെ വലുതായിരിക്കും. ജനങ്ങൾ കൊടുക്കേണ്ടിവരുന്ന വില വളരെ വലുതായിരിക്കും. ആ തരത്തിലുള്ള ഉത്തരവാദിത്വത്തോടുകൂടിയുള്ള ടേംസ് ഓഫ് റഫറൻസും സ്ട്രാറ്റജിയും എന്തുകൊണ്ടാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകാതെ പോയത് ; ഉണ്ടായെങ്കിൽ ഈ സഭയിൽ ബോധ്യപ്പെടുത്താൻ എന്തുകൊണ്ടാണ് ഗവൺമെന്റ് തയ്യാറാകാതിരുന്നത് ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ കയ്യിൽ ഇരിക്കുന്ന document, Ministry of Environment and Forest notification ആണ്. 2014 മാർച്ച് മാസം 10-ാം തീയതി. ആ notification -ൽ ഒരു ഭാഗം ഉണ്ട്. " ........the Government of Kerala has accordingly undertaken the exercise of demarcating the Ecologically Sensitive Area in the State by physical verification by setting up an Expert Committee to study the impact of High Level Working Group recommendations and to assess ground level information and it had also set-up Panchayat Level Committees in 123 villages falling within the Ecologically Sensitive Area on the basis of the interim report of the Expert Committee...... ഈ റിപ്പോർട്ടിനെ അവർ വളരെ ശ്ലാഘിച്ചിരിക്കുകയാണ്. ഈ

നിലപാട് എടുത്തിരിക്കുന്നത് കേരളം മാത്രമാണ്. .......on the basis of physical verification, recommended exclusion of cultural landscape from Ecologically Sensitive Area as identified by High Level Working Group and the State Government of Kerala is of the view that agricultural areas, orchards, horticultural plots, plantation and residential areas may be kept out of Ecologically Sensitive Area; അങ്ങ് ഇവിടെ ഉപദേശിച്ചതുപോലെ വളരെ ക്ലിയർകട്ടായും വളരെ ക്ലാരിറ്റിയോടുകൂടി ഈ കാര്യങ്ങളെല്ലാം ചെയ്ത് പൂർത്തിയാക്കിയ കേരള ഗവൺമെന്റിനോടും നമ്മൾ ചെയ്ത പ്രവർത്തനത്തെ അപ്ഹോൾഡ് ചെയ്തുകൊണ്ടുമാണ് ഇപ്പോൾ അവർ നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുള്ളത്.

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u>: സർ, കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ പരിസ്ഥിതി വനംവകുപ്പ മന്ത്രി ശ്രീമതി. ജയന്തി നടരാജൻ 2013-ൽ ഓർഡർ ഇട്ട് ഒരു കമ്മിറ്റി രൂപീകരിക്കപ്പെട്ടു. വേണ്ടത്ര എം.പി.മാരുമായിട്ടോ സംസ്ഥാനങ്ങളുമായിട്ടോ ചർച്ച ചെയ്തില്ല. അത് സംസ്ഥാനങ്ങളെ ബാധിച്ചു. അതിപ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം 13 ജില്ലകളിലെ 36 താലൂക്കുകളിലെ 123 വില്ലേജുകളിലും കൂടി 29693 ചതുരശ്ര കിലോ

മീറ്റർ ഭൂമിയിൽ 13108 കി.മീ. ഇ.എസ്.എ. പരിധിയിൽ വരും. അതിന് അല്പം പരിമിതപ്പെടുത്താൻ വേണ്ടിയാണ് ഉമ്മൻ വി ഉമ്മൻ കമ്മിറ്റി ഉണ്ടാക്കിയത്. അങ്ങനെ അന്നത്തെ കേന്ദ്രഗവൺമെന്റ് വേണ്ടത്ര ആലോചിക്കാതെ ചെയ്തു. കേരളത്തിലെ ഗവൺമെന്റിന് വേണ്ടത്ര പ്രതികരിക്കാൻ സാധിച്ചില്ല. ഏറ്റവും അവസാനം ഈ ജൂലൈ മാസം 7-ാം തീയതി യോഗം വിളിച്ചു. ആ യോഗത്തിൽ കേരളത്തെ ആകെ ബാധിക്കുന്ന പ്രത്യേകിച്ച് എന്റെ മണ്ഡലത്തിലെ ചക്കിട്ടപാറ പഞ്ചായത്തിലെ ചെമ്പനോട് അതുപോലെ ചക്കിട്ടപാറ...... രണ്ട് വില്ലേജും ഇ.എസ്.എ.യിൽ പെടുകയാണ്. കാരണം മദ്ധ്യതിരുവിതാംകൂറിൽ നിന്ന് കുടിയേറിപാർത്ത ആളുകൾക്ക് ഭൂമി വിൽക്കാൻ ആകുന്നില്ല. ആ യോഗത്തിൽ കേരളത്തിലെ വനംവകുപ്പ് മന്ത്രി പങ്കെടുക്കേണ്ടതാണ്. അദ്ദേഹം എഴുതി തന്ന ഉത്തരത്തിൽ പറയുന്നത് ജൂലൈ 7-ാം തീയതി കേരള അസംബ്ലിയിൽ പങ്കെടുക്കുന്നതുകൊണ്ട് പ്രിൻസിപ്പൽ സെക്രട്ടറിയെ അയച്ചുവെന്ന്. അങ്ങനെയാണോ അയക്കേണ്ടത്. ഇതുപോലുള്ള യോഗത്തിൽ മുഖ്യമന്ത്രി പങ്കെടുത്തുക്കൊണ്ട് കേരളത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടേ. ബാക്കിയെല്ലാറ്റിനും പരിഹാരം കാണുമെന്ന് ഊന്നിപറഞ്ഞാൽ മതിയോ. അതിന് നിങ്ങൾ എന്തെങ്കിലും പരിഹാരം കാണാൻ ശ്രമിച്ചോ. കേരള അസംബ്ലിയിൽ ഒരു

ദിവസം താങ്കൾ പങ്കെടുത്തില്ലായെങ്കിൽ എന്താണ് വരാനുള്ളത്. അതിന് ഉത്തരം പറയാൻ മന്ത്രി ബാധ്യസ്ഥനാണ്. എന്തുക്കൊണ്ട് പങ്കെടുത്തില്ല. അതിന് പ്രാധാന്യം കൊടുത്തോ. അത് പറയാൻ വേണ്ടി തയ്യാറാകണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അത് പറയാൻ ഇത്ര വികാരപരമാകണോ? ഒരു ചെറിയ കാര്യമാണത്. ഞാൻ ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി ശ്രീ. പ്രകാശ് ജാവദേക്കറെ പേഴ്സണലായിട്ട് വിളിച്ചിരുന്നു. അദ്ദേഹവുമായിട്ട് ഞാൻ ഫോണിൽ സംസാരിച്ചു. ഞാൻ അദ്ദേഹത്തതിന് പേഴ്സണൽ കത്തും അയച്ചു. നിയമസഭയിൽ ഞാൻ വരേണ്ട അതാവശ്യമുള്ള സന്ദർഭം ആണെന്നു വരികിൽ ഉദ്യോഗസ്ഥൻ വന്നാൽ മതിയോ ഞാൻ തന്നെ വരണോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. ഇവിടെ നിയമസഭയാണ് എങ്കിൽ ഉദ്യോഗസ്ഥനെ വിട്ടാൽ മതി. പിന്നീട് അദ്ദേഹം എനിക്ക് ഇങ്ങോട്ട് അയച്ച വേറൊരു കത്തും എന്റെ കൈയിൽ ഉണ്ട്. അതുകൊണ്ട് അദ്ദേഹത്തിന്റെ കൂടി പെർമിഷനോടുകൂടി പോയതാണ്. ഇവിടെ 7-ാം തീയതി ഷെഡ്യൂൾ ചെയ്ത എന്റെ ചില ഐറ്റംസ് ഉണ്ടായിരുന്നു. അതുകൊണ്ടാണ് ഞാൻ മന്ത്രിയോട് അങ്ങന ഒരു ചോദ്യം ചോദിക്കാൻ കാരണം. ചോദിച്ചപ്പോൾ അദ്ദേഹവും പോസിറ്റീവായിട്ട് പ്രതികരിച്ചു. അങ്ങനെ

പോസിറ്റീവായി പ്രതികരിച്ചതുകൊണ്ട് നിയമസഭയിലെ എന്റെ ചില ഐറ്റംസ് ഉണ്ടായിരുന്നതുകൊണ്ട് നിൽക്കാൻ അദ്ദേഹവും അനുവദിച്ച് നിന്നതാണ്. ഇതോടൊപ്പം തന്നെ ശ്രീ. ജാവദേക്കർ എനിക്ക് അയച്ച ഒരു കത്തും എന്റെ കൈയിൽ ഉണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, മാധവ് ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരിരംഗൻ റിപ്പോർട്ടും വരുമ്പോൾ തൃശ്ശൂർ ജില്ലയിലെ എന്റെ മണ്ഡലത്തിൽപ്പെട്ട പരിയാരം ഗ്രൂപ്പ് വില്ലേജാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏക പ്രദേശം. പിന്നീട് ആ രണ്ട് വില്ലേജുകളും വിഭജിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ആതിരപ്പള്ളി വില്ലേജും പരിയാരം വില്ലേജുമായി വിഭജിക്കപ്പെട്ടു. ഈ പ്രദേശങ്ങൾ ചാലക്കുടി പട്ടണത്തിനോട് ചേർന്ന് കിടക്കുന്ന സ്ഥലങ്ങളാണ്. ചാലക്കുടി പട്ടണത്തോടു ചേർന്നു കിടക്കുന്ന പരിയാരം വില്ലേജിൽ ഒരു പോത്തിറച്ചി സംസ്കരണ ഫാക്ടറി അനുവദിച്ചിട്ട് ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കാലങ്ങളായി പ്രവർത്തിച്ചുകൊണ്ടിരുന്ന പാറമടകൾ സ്തംഭനത്തിലാണ്. കൃഷിയിടങ്ങളും ജനവാസകേന്ദ്രങ്ങളും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണം. പരിസ്ഥിതിയും വനവും സംരക്ഷിക്കുന്നതോടൊപ്പം ജനങ്ങളെയും കൃഷിയെയും വികസനത്തെയും സംരക്ഷിക്കാനുള്ള നടപടിയും

സ്വീകരിക്കേണ്ടതുണ്ട്. ഇതിനുപുറമേ അങ്ങയോട് ചോദിക്കാനുള്ളത്, പഞ്ചായത്ത് പ്രസിഡന്റ് ചെയർമാൻ ആയിട്ടുള്ള പഞ്ചായത്തുതല കമ്മിറ്റിക്ക് പുറമെ വനംവകുപ്പ് പ്രത്യേകമായി 45 ഡിഗ്രി ചരിവുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തി ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും ഉള്ള ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്നു കൂടി വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞ കാര്യം നമ്മൾ നേരത്തെ ഇന്ത്യാ ഗവൺമെന്റിനെ അറിയിക്കുകയും ഇന്ത്യാ ഗവൺമെന്റ് നോട്ടിഫിക്കേഷനിൽ അത് അക്സപ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഞാനത് വായിച്ചത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകാൻ സാധ്യതയില്ലാത്തതു കൊണ്ടാണ് ഈ ചോദ്യം വീണ്ടും വന്നതെന്ന് എനിക്ക് തോന്നുന്നു. Kerala is of the view that the agricultural areas, orchards, horticultural plots, plantation and residential areas അത് ecologically sensitive area-ൽ നിന്നും മാറ്റണമെന്നുള്ള കേരള ഗവൺമെന്റിന്റെ ആവശ്യം അംഗീകരിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷനാണ് ഞാൻ ഇവിടെ നേരത്തെ വായിച്ചത്. അതിനെക്കുറിച്ച് ഒരു സംശയം ഇനി നിലനിൽക്കുന്നില്ല. ഗവൺമെന്റിന്റെ സ്റ്റാന്റ് വളരെ ക്ലാരിറ്റിയുള്ളതാണ്. ഈ പറയുന്ന പ്രദേശങ്ങളെല്ലാം ഇതിനകത്തു നിന്നും ഒഴിവാക്കണമെന്നു തന്നെയാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കേരളത്തിലെ 123 വില്ലേജുകളിലെ ജനങ്ങളെ ബാധിക്കുന്ന ഈ വിഷയത്തിൽ ഹോംവർക്ക് നടത്തിയ സംസ്ഥാനം കേരളമാണ്. മറ്റു തെക്കൻ സംസ്ഥാനങ്ങൾ ഇതുസംബന്ധിച്ച് ഹോംവർക്ക് നടത്തി കേന്ദ്ര പരിസ്ഥിതിവകുപ്പിനും ഗ്രീൻ ട്രൈബ്യൂണലിനും ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നില്ല. കേരളം ഈ കാര്യത്തിൽ നിർദ്ദേശങ്ങൾ സമർപ്പിച്ചു. അതിൽ ചില മാറ്റങ്ങൾ വന്നത് വനഭൂമിയുടെ സർവ്വെ നമ്പരും കൃഷിഭൂമിയുടെ സർവ്വെ നമ്പരും ഒരേ നമ്പരുകൾ വന്ന സ്ഥലങ്ങളുണ്ട്. അതിനെ വേർതിരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇപ്പോൾ പഞ്ചായത്തു തലത്തിൽ രൂപീകരിച്ച കമ്മിറ്റികൾ ആ വേർതിരിവിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ചോദിച്ചത് വളരെ പ്രസക്തമായ ഒരു ചോദ്യമാണ്. ഇവിടെ നമ്മുടെ ecologically fragile area-ആയിട്ട് വെസ്റ്റേൺ ഗാഡ്സിൽ ആകെ കണ്ടിട്ടുള്ളത് 56825 സ്ക്വയർ കിലോമീറ്ററാണ്. അത് ഈ വെസ്റ്റേൺ ഗാഡ്സിലുള്ള ആറ് സ്റ്റേറ്റുകളെയാണ് ബാധിക്കുന്നത്. ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടകം, കേരളം, തമിഴ്നാട് എന്നീ ആറു സ്റ്റേറ്റുകളിലാണ് ഞാൻ നേരത്തെ സൂചിപ്പിച്ച 56825 സ്ക്വയർ കിലോമീറ്റർ. ഇവിടെ നമുക്കൊരു പ്രശ്നമുണ്ട്. തണ്ടപ്പേർ രജിസ്റ്റർ മാറ്റാത്തതുകൊണ്ട് കുറെ ഭൂമി വനഭൂമി ആയിട്ട്

എഴുതി അതു തണ്ടപ്പേർ രജിസ്റ്ററിൽ നിൽക്കുകയാണ്. അത് നമ്മുടെ റെക്കോർഡ്സിൽ എല്ലാം തണ്ടപ്പേർ രജിസ്റ്ററിൽ അങ്ങനെയാണ് നിൽക്കുന്നത്. അതേ സമയം ഈ ഭൂമിയിൽ പലതും പതിറ്റാണ്ടുകളായി മനുഷ്യവാസ പ്രദേശമായി നിൽക്കുകയാണ്. ഈയൊരു പ്രശ്നം നിലനിൽക്കുന്നു എന്നുള്ളതുകൊണ്ടാണ് കേരളം പറഞ്ഞത് മനുഷ്യവാസ പ്രദേശങ്ങളെ ഒഴിവാക്കണമെന്ന്. അതോടൊപ്പം തന്നെ പ്ലാന്റേഷൻ, കൃഷിയിടങ്ങൾ എന്നിവയും ഒഴിവാക്കണം. ഇതെല്ലാം നമ്മൾ കണ്ടീഷനിൽ പറയാനുള്ള കാരണം ഈ പറയുന്ന ഒരു കൺഫ്യൂഷൻ നമ്മളുടെ തണ്ടപ്പേർ രജിസ്റ്ററിൽ മാറ്റം വരാത്തതുക്കൊണ്ട് നിലനിൽക്കുന്നു എന്നുള്ളതു കൊണ്ടാണ്. ഇവിടെ ഒരു കൺഫ്യൂഷൻ വന്നത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഒരു നിലപാട് എടുത്തില്ലാ എന്നതാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കൈയിലുള്ള ഒരു റെക്കോർഡ് വെച്ച് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഒരു കണക്കെഴുതിയാൽ അവർക്ക് ഫോറസ്റ്റിന്റെ കണക്കേ പറയാൻ പറ്റൂ. പക്ഷെ ഇ.എസ്.എ.യാണ് നമുക്ക് കണ്ടെത്തേണ്ടത്. അതിന് കേരള ഗവൺമെന്റ് ഒരു മെക്കനിസം കണ്ടെത്തി. ആ മെക്കനിസം ആണ് ഉമ്മൻ വി ഉമ്മനെ ചെയർമാൻ ആക്കിയുള്ളൊരു കമ്മിറ്റി. ആ കമ്മിറ്റി എന്തു ചെയ്തു? ജനവികാരം മനസ്സിലാക്കുകയും ആ പ്രദേശത്ത് ഓൺ ദി സ്പോട്ട് സ്റ്റഡി നടത്തുന്നതിനു വേണ്ടി അവിടെയെല്ലാം പോകുകയും ചെയ്തു.

അങ്ങനെയാണ് 123 വില്ലേജുകൾ അവർ ഐഡന്റിഫൈ ചെയ്തത്. ആ 123-ൽ വീണ്ടും വനപ്രദേശം ഇല്ലാത്ത സ്ഥലങ്ങളെ ഒഴിവാക്കുന്നുവെന്ന് ഇന്ത്യാഗവൺമെന്റിന്റെ തീരുമാനത്തിൽ ഏറ്റവും പ്രകടമായ ഉദാഹരണമാണ് കോട്ടയം ജില്ലയിലെ വനമില്ലാത്ത നാലു വില്ലേജുകൾ ഒഴിവാക്കി. അപ്പോൾ 119 ആയി ഇതു ചുരുങ്ങി. ഈ കാര്യത്തിൽ കേരള ഗവൺമെന്റ് ആവുന്ന വിധത്തിൽ നല്ലഭംഗിയായി പോകുകയാണ്. ഈ എക്സർസൈസ് ചെയ്തത് ആക്ച്വൽ ഫോറസ്റ്റ് അല്ലാത്ത സ്ഥലം കൂടി ഇ.എസ്.ഐ. ആയിട്ട് തെറ്റിദ്ധരിക്കാൻ സാധ്യതയുള്ളതുകൊണ്ട് ആക്ച്വൽ ഫോറസ്റ്റും മനുഷ്യവാസപ്രദേശവും തമ്മിൽ വേർതിരിക്കുന്ന എക്സർസൈസാണ് ശ്രീ. ഉമ്മൻ വി ഉമ്മന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി ചെയ്തത്. ആ കമ്മിറ്റി ചെയ്തതോ പഞ്ചായത്ത് പ്രസിഡന്റ്, അവിടത്തെ ഫോറസ്റ്റ് ഓഫീസർ, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി ഇവരെയെല്ലാവരെയും കൂടി കൺസൾട്ട് ചെയ്ത് അവരെല്ലാം ഒപ്പിട്ടുതന്ന ഒരു മാപ്പിന്റെ അടിസ്ഥാനത്തിൽ അതാണ് കഡസ്ട്രൽ മാപ്പായി നമ്മൾ ഡൽഹിയിൽ കൊടുക്കാൻ പോകുന്നത്. ആ കഡസ്ട്രൽ മാപ്പാണ് കുറ്റമറ്റ രൂപത്തിൽ ഡൽഹിയിൽ ഇന്ന് നമ്മൾ സമർപ്പിക്കുന്നത്.

<u>ശ്രീമതി. ഇ. എസ്. ബിജിമോൾ</u>: സർ, ബി. ഡി. ദേവസ്സി എം. എൽ. എ

ചോദിച്ച ചോദ്യത്തിന് മറുപടിയായി പറഞ്ഞു, ഗവൺമെന്റിന് ഇക്കാര്യത്തിൽ നല്ല ക്ലാരിറ്റിയുണ്ട്. ക്ലാരിറ്റിയോടുകൂടി തന്നെ ഗവൺമെന്റ് ഈ കാര്യങ്ങളിൽ നിലപാട് സ്വീകരിക്കുന്നുവെന്ന് പറഞ്ഞു. ക്ലാരിറ്റിയില്ലാത്തത് ബഹുമാന്യരായിട്ടുള്ള അങ്ങയുടെ കീഴിൽ നിൽക്കുന്ന ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാർക്കാണ് എന്ന് അങ്ങ് ഇപ്പോൾ മറുപടി പറഞ്ഞപ്പോൾ, ആക്ച്വൽ ഫോറസ്റ്റിൽ തന്നെ അവർ നിൽക്കുകയാണ്. അവരെ ഈ പറയുന്ന ഉമ്മൻ വി ഉമ്മൻ കമ്മിറ്റി ശുപാർശ ചെയ്യുന്ന കഡസ്ട്രൽ മാപ്പിലേക്കോ എത്തിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് അങ്ങ് തന്നെ പറയുകയും ചെയ്തു. ബഹുമാന്യനായ മുഖ്യമന്ത്രി 17-ാം തീയതി സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടി. ഞങ്ങളൊക്കെ ആ യോഗത്തിൽ പങ്കെടുത്തവരാണ്. അന്ന് മുഖ്യമന്ത്രി പറഞ്ഞതും അന്ന് ഞങ്ങൾക്ക് ഉറപ്പ് തന്നതും, വനംവകുപ്പ് ഉണ്ടാക്കിയിരിക്കുന്ന മാപ്പ് ബാധകമല്ല, ഉമ്മൻ വി ഉമ്മൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളതും ഇപ്പോൾ പഞ്ചായത്ത് പ്രസിഡന്റുമാർക്ക് രണ്ടു ദിവസം ട്രെയിനിംഗ് കൊടുത്ത് ഈ ദിവസങ്ങളിൽ അവർ തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടാണ് അങ്ങ് കൊടുക്കാൻ പോകുന്നതെന്നു പറഞ്ഞു. ചോദ്യം ഇതാണ് ഇതിനു വിരുദ്ധമായി ഇവർ പറയുന്ന വനംവകുപ്പ് ഉണ്ടാക്കി അവർ പ്രസിദ്ധീകരിച്ചുവെന്ന് പറയുന്ന .....അതാണ് ഇപ്പോഴത്തെ വിവാദത്തിന്റെ എല്ലാം തുടക്കം അതാണ്. ആ വനം വകുപ്പ്

ഉണ്ടാക്കിയ മാപ്പ് ഇവർ ഏതെങ്കിലും കോടതിയിൽ ഏതെങ്കിലും കേസിന്റെ ഭാഗമായി അഫിഡവിറ്റിന്റെ ഭാഗമായി സമർപ്പിച്ചിട്ടുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേന്ദ്രഗവൺമെന്റിൽ നമ്മൾ സമർപ്പിക്കാൻ പോകുന്ന 119 വില്ലേജുകളുടെ കഡസ്ട്രൽ മാപ്പ് അങ്ങയുടെ പരിശോധനയ്ക്കുവേണ്ടി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു. വളരെ കുറ്റമറ്റ രീതിയിൽ ചെയ്യുകയാണ്. ഈ കഡസ്ട്രൽ മാപ്പിനെയാണ് കേരള ഗവൺമെന്റ് ഡിപ്പന്റ് ചെയ്യുന്നത്. പക്ഷേ അതിദീർഘമായ കാലം മുതൽ കേരളത്തിൽ നിലനിൽക്കുന്ന സ്ഥിതിവിശേഷമാണ് ഈ കൺഫ്യൂഷനുണ്ടാക്കാനുള്ള കാരണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനപ്രകാരം വനം വകുപ്പ് നടപടിയെടുക്കുകയാണ്. ആ യോഗതീരുമാനപ്രകാരമാണ് കേരളത്തിന്റെ ചരിത്രത്തിലാദ്യമായി 119 വില്ലേജുകളിലെ ആളുകളുമായി ഈ വിഷയം ഡിസ്കസ് ചെയ്യാൻവേണ്ടി 119 കമ്മിറ്റികൾ രൂപീകരിക്കുകയും ഈ കമ്മിറ്റികൾ എല്ലാ വില്ലേജുകളിലും പരിശോധന നടത്തുകയും ചെയ്തു. അവരുടെയെല്ലാം ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കഡസ്ട്രൽ മാപ്പ് തയ്യാറാക്കിയത്. അതേ സമയം ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പണ്ട് കൊടുത്ത

അഫിഡവിറ്റിന്റെ, ഫോറസ്റ്റുമായി ബന്ധപ്പെട്ട ഫോറസ്റ്റ് കേസ്സുകളുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് അംഗികരിക്കുന്നതും ഇ.എസ്.എ.- ആയി കൊടുത്തിട്ടുള്ള ഈ മാപ്പ് തന്നെയാണ്. കേരള ഗവൺമെന്റിന്റെ സ്റ്റാന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഒരാശങ്കയ്ക്കും അടിസ്ഥാനമില്ല. പശ്ചിമഘട്ടം കടന്നുപോകുന്ന ആറ് സംസ്ഥാനങ്ങളിൽ കേരളം മാത്രമാണ് എല്ലാ വർക്കും പൂർത്തിയാക്കിയത്. അത് കേന്ദ്രഗവൺമെന്റും ഗ്രീൻ ബഞ്ചും അംഗീകരിച്ചു എന്നുമാത്രമല്ല, മറ്റ് സംസ്ഥാനങ്ങൾക്കുവേണ്ടി കാത്തിരിക്കാതെ കേരളത്തിന്റെ ലിസ്റ്റിന്മേൽ ഫൈനൽ നോട്ടിഫിക്കേഷനിറക്കാൻ ഗ്രീൻബഞ്ച് കേന്ദ്രഗവൺമെന്റിന് നിർദ്ദേശം കൊടുത്തു. ആ സാഹചര്യത്തിലാണ് നമ്മളോട് സർവ്വേ നമ്പർ ആവശ്യപ്പെട്ടത്. ഇപ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ള സ്ഥലംമാത്രം ഇ.എസ്.എ.-ആയി ഡിക്ലയർ ചെയ്യാൻ കേന്ദ്രഗവൺമെന്റ് തീരുമാനിച്ചു. ഇതിൽ ഉൾപ്പെട്ട, ഒരിഞ്ചുപോലും ഫോറസ്റ്റ് ഇല്ലാത്ത മേലുകാവ്, പൂഞ്ഞാർ തെക്കേക്കര, തീക്കോയ്, കൂട്ടിക്കൽ എന്നീ നാലുവില്ലേജുകളെ ആദ്യമായി ഈ ലിസ്റ്റിൽനിന്നുതന്നെ മാറ്റി. ബാക്കി 119 വില്ലേജുകളാണുള്ളത്. പക്ഷേ സർവ്വേ നമ്പർ ചോദിച്ചപ്പോൾ, വനം വകുപ്പുമന്ത്രി

പറഞ്ഞതുപോലെ കൃഷിഭൂമിയുടേയും ഫോറസ്റ്റിന്റേയും സർവ്വേനമ്പരുകൾ അങ്ങോട്ടും ഇങ്ങോട്ടും കയറിക്കിടക്കുന്നുണ്ട്. 2000, 3000 ഏക്കർ ഭൂമി ഒറ്റസർവ്വേനമ്പരിലാണ് വരുന്നത്. പണ്ട് എപ്പോഴോ അത് ഫോറസ്റ്റ് ആയിരുന്നിരിക്കാം. സർവ്വേ നമ്പർ കൊടുത്താൽ, അതുകാരണം ഒരു ബുദ്ധിമുട്ടുണ്ടാകരുത് എന്നതിന്റെ പേരിലാണ് ചർച്ച വന്നത്. അതുസംബന്ധിച്ച് ഇടുക്കി, കോഴിക്കോട്-വയനാട് മേഖല എന്നീ രണ്ട് സ്ഥലങ്ങളിൽനിന്നുമാണ് ആശങ്ക പ്രകടിപ്പിച്ചത്. ആശങ്ക പ്രകടിപ്പിച്ചവരെ വിളിച്ചുവരുത്തി ഡീറ്റെയിൽഡായി ചർച്ച നടത്തി. റവന്യൂ, ഫോറസ്റ്റ്, ജലവിഭവം തുടങ്ങിയ എല്ലാ വകുപ്പുമന്ത്രിമാരും പങ്കെടുത്ത ആ മീറ്റിംഗിൽവച്ച് സബ്ഗ്രൂപ്പ് ചെയ്യാനുള്ള തീരുമാനമെടുത്തു. അതിന്റെ ചുമതലയേൽപ്പിച്ചത് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായിട്ടുള്ള കമ്മിറ്റിയെയാണ്. അവർ രണ്ടുദിവസംകൊണ്ട് 119 വില്ലേജുകളിൽ ഗ്രൗണ്ട്ലെവൽ പരിശോധന നടത്തി സർവ്വേ നമ്പർ രേഖപ്പെടുത്തിത്തന്നു. അതിനെക്കുറിച്ച് കിഴക്കഞ്ചേരി പഞ്ചായത്തിൽനിന്നും ഒരു പരാതി കിട്ടി. അതായത് ഈ കമ്മിറ്റി മാർക്ക് ചെയ്തതിൽ, കാടിനകത്ത് ഉള്ളിൽപ്പെട്ട മൂന്നുനാല് സ്ഥലങ്ങളിലായി ഏതാണ്ട് 50 -ഓളം ഹെക്ടർ സ്ഥലം ഇ.എസ്.എ.- ആയി വന്നിരിക്കുന്നു എന്നുപറഞ്ഞു. ഈ വിഷയം നേരിട്ട്

പരിശോധിച്ച് ശരിയാണെങ്കിൽ ആ സ്ഥലം ഒഴിവാക്കാൻ ഞാൻ കളക്ടർക്ക് നിർദ്ദേശം നൽകി. അത് ശരിയാണെന്നുള്ള റിപ്പോർട്ടാണ് ലഭിച്ചത്. അതുകൂടി ഒഴിവാക്കിയാണ് ഈ മാപ്പ് തയ്യാറാക്കിയിരിക്കുന്നത്. ഇന്ന് ഉദ്യോഗസ്ഥർ പോകും. നാളെ മാപ്പ് കൊടുപ്പും. കൊടുത്തുകഴിഞ്ഞാൽ മാപ്പിൽ ഉൾപ്പെട്ടിട്ടുള്ള പത്തുശതമാനം സ്ഥലങ്ങളിൽ നമ്മൾ കൊടുത്തിരിക്കുന്നത് ശരിയാണോ എന്ന് കേന്ദ്രത്തിന്റെ ടീം വന്ന് പരിശോധിക്കും. അത് പരിശോധിക്കുമ്പോൾ നമുക്ക് ഒരാശങ്കയും വേണ്ട. ഇത് ഗ്രൗണ്ട് ലെവൽ റിയാലിറ്റി ഉൾക്കൊള്ളുന്നതാണ്. അത് ശരിയാണെന്ന് വരും. സെപ്റ്റംബർ മാസം 9-ാം തീയതി ഇതിന്റെ ഫൈനൽ നോട്ടിഫിക്കേഷൻ വരും. അതോടുകൂടി കഴിഞ്ഞ ഏതാനും വർഷങ്ങളായി നിൽക്കുന്ന ആശങ്ക പൂർണ്ണമായിട്ടും മാറും. അതുസംബന്ധിച്ച് യാതൊരു ആശങ്കയ്ക്കും വകയില്ല.

<u>ശ്രീമതി. ഇ. എസ്. ബിജിമോൾ</u>: സർ, ഇതിനകത്തുള്ള പ്രധാന പ്രശ്നം സർക്കാർ നിലപാടിനുവിരുദ്ധമായി ഉദ്യോഗസ്ഥർ കോടതികളിൽ...... ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, നേരത്തെ കോടതികളിൽ കൊടുത്തതാണെന്ന് പറഞ്ഞു. നേരത്തെ കൊടുത്തതല്ല, 17-ാം തീയതി സർവ്വകക്ഷി യോഗം കൂടിയ സമയത്ത് അത് മറച്ചുവച്ചു. ഫോറസ്റ്റുകാർ തയ്യാറാക്കിയ മാപ്പ് കോടതിയിൽ സബ്മിറ്റ് ചെയ്തിട്ടുണ്ട്. അങ്ങ് അത് പരിശോധിക്കാൻ തയ്യാറാണോ;

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഇതിനെ സംബന്ധിച്ച് എല്ലാ കാര്യങ്ങളും വ്യക്തമാക്കിക്കഴിഞ്ഞു. അവിടെ താമസിക്കുന്ന ജനങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരാത്ത രീതിയിൽ നമ്മൾ പറഞ്ഞ രീതിയിൽ, ഫോറസ്റ്റ് എന്നുമാത്രമല്ല നമ്മൾ പറയുന്നത്, ഇപ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ളതും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് സംരക്ഷിക്കുന്നതുമായിട്ടുള്ള ഭൂമിയാണ് ഇ.എസ്.എ.- ആയി വരാൻ പോകുന്നത്. കാർഡമം ഹിൽ റിസർവ്വിനെക്കുറിച്ച് ചില പ്രശ്നങ്ങൾ വന്നു. കാർഡമം ഹിൽ റിസർവ് റവന്യൂ ഭൂമിയാണ്. അതിന്റെ സ്റ്റാറ്റസ് പ്ലാന്റേഷനാണ്. അവിടെ നിൽക്കുന്ന മരങ്ങളുടെ സംരക്ഷണം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനാണ്. അതും വളരെ വ്യക്തമായിട്ട് ഡിഫൈൻ ചെയ്തിട്ടുണ്ട്. അപ്പോൾ താമസസ്ഥലം, ജീവനോപാധികൾക്കുവേണ്ടി വിനിയോഗിച്ചിരിക്കുന്ന സ്ഥലം, കൃഷി സ്ഥലം, പ്ലാന്റേഷൻ ഇതെല്ലാം ഒഴിവാക്കിക്കൊണ്ട് ഫോറസ്റ്റും..... ഫോറസ്റ്റ് എന്നുപറയുന്നത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഇന്ന് സംരക്ഷിച്ചുകൊണ്ടിരിക്കുന്ന ഭൂമിയാണ്.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, സർ......

<u>മി. സ്പീക്കർ</u>: അങ്ങേയ്ക്ക് വേണമെങ്കിൽ പ്രത്യേക സമയം അനുവദിക്കാം.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇവിടെ വ്യക്തമാക്കിയതനുസരിച്ച് നമ്മുടെ റിപ്പോർട്ട് സമർപ്പിക്കാൻ പോകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി

വിളിച്ചുചേർത്ത യോഗത്തിൽവച്ച് വീണ്ടും ഒരു കമ്മിറ്റിയ്ക്ക് രൂപം നൽകി. അതിൽ സർവ്വേയറെക്കൂടി ഉൾപ്പെടുത്തി. അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടുള്ള റിപ്പോർട്ടാണ് ഇന്ന് സമർപ്പിക്കുന്നത്. ഇവിടെ പറഞ്ഞകാര്യങ്ങളിൽ രണ്ടാമത് അതിർത്തി നിർണ്ണയിക്കുന്നതിനായി നിശ്ചയിച്ച സമിതി ആദ്യത്തെ ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി കൊടുത്ത റിപ്പോർട്ടിൽനിന്നും വ്യത്യസ്തമായി എവിടെയെങ്കിലും ജനവാസകേന്ദ്രങ്ങളോ വാസസ്ഥലമോ കൃഷിയിടങ്ങളോ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിൽ അതുകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ടാണോ ഇപ്പോൾ സബ്മിറ്റ് ചെയ്യാൻ പോകുന്നത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇപ്പോൾ പറഞ്ഞു, പാലക്കാട് കിഴക്കഞ്ചേരിയിൽനിന്നുള്ള ഒരു പരാതിയാണ് ഇതിന്മേൽ ലഭിച്ചിട്ടുള്ളത്. ആ പെറ്റിഷൻകൂടി ചേർത്തുകൊണ്ടാണ് പുതിയ കഡസ്ട്രൽ മാപ്പും അതനുസരിച്ചുള്ള റിപ്പോർട്ടും ഉണ്ടാക്കിയിരിക്കുന്നത്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, നമ്മുടെ നാട്ടിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി സംഘടനകളും അതിലുപരി പരിസ്ഥിതിയുടെ പേരിൽ പണം തട്ടാൻ പ്രവർത്തിക്കുന്ന വ്യാജ എൻ.ജി.ഒ.- കളുടെയിടയിൽ നട്ടം തിരിയുകയാണ് മലയോര

ജനത. ലോക പൈതൃകപട്ടികയിൽ പശ്ചിമഘട്ടം ഉൾപ്പെടാനിടയാക്കിയ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നയുടൻതന്നെ ശ്രീ. ജയ്റാം രമേശ് പേട്രണായ ബാംഗ്ലൂർ അശോക ട്രസ്റ്റിന്റെ അക്കൗണ്ടിലേയ്ക്ക് ഒഴുകിയെത്തിയത് കോടാനുകോടികളാണ്. എന്റെ പ്രശ്നം, ഇവിടെ വനം വകുപ്പുദ്യോഗസ്ഥർ തയ്യാറാക്കിയ കഡസ്ട്രൽ മാപ്പ് സർവ്വകക്ഷിയോഗം തള്ളിക്കളഞ്ഞു. ആ യോഗത്തിൽ ഞങ്ങളെക്കൂടി പങ്കെടുപ്പിക്കാത്തതിൽ പ്രതിഷേധമുണ്ട്. ആ യോഗതീരുമാനത്തെ സ്വാഗതം ചെയ്യുന്നു. കരടിൽ 13108, ഉമ്മൻ വി. ഉമ്മൻ 9839, വനംവകുപ്പിന്റെ കഡസ്ട്രൽ മാപ്പിലെ സ്ഥലംകൂടി ഒഴിവാക്കുമ്പോൾ 9839 എന്നുള്ളത് വീണ്ടും കുറയാൻ പോകുകയാണ്. അത് കേന്ദ്രം അംഗീകരിക്കുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും മുമ്പുണ്ടായ വീഴ്ച പരിഹരിച്ച് കേന്ദ്രത്തിൽ പോകുമോ; ഒപ്പം ബഫർ സോൺ ഒഴിവാക്കുമോ; അതുപോലെ ഇ.എസ്.എ.-യിൽനിന്നും ശബരിമല ഒഴിവാക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇതിന്റെ കണക്ക് ഞാൻ നേരത്തേ തന്നെ പറഞ്ഞിരുന്നു. 9993.7 എന്നുള്ളത് എല്ലാവരും അംഗീകരിച്ചതാണ്. നോട്ടിഫിക്കേഷനിൽ അവർ അക്സപ്റ്റ് ചെയ്തിട്ടുണ്ട്. പിന്നീട് നടന്ന എക്സർസൈസിന്റെ അടിസ്ഥാനത്തിലാണ് 4 വില്ലേജുകളെ (154.35 സ്ക്വയർ കിലോ

മീറ്റർ) ഒഴിവാക്കിയത്. പിന്നീട് വന്നത് 98359.35 ആണ്. കിഴക്കഞ്ചേരി പഞ്ചായത്തിൽ .036 ഹെക്ടർ കൂടി ഒഴിവാക്കി കഴിഞ്ഞപ്പോൾ വന്ന ടോട്ടലായിട്ടുള്ള കണക്കാണ് 9839.3. ഇതാണ് നമ്മുടെ മാപ്പ്. ഇതനുസരിച്ചാണ് മുന്നോട്ട് പോകുന്നത്. വനം വകുപ്പിന് കഡസ്ട്രൽ മാപ്പുണ്ട്. പക്ഷെ അത് വേറെയാണ്. നമ്മൾ ഫോളോ ചെയ്യാൻ പോകുന്നത് ഉമ്മൻ വി ഉമ്മൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കഡസ്ട്രൽ മാപ്പാണ് എന്നുള്ളത് ഇക്കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ വളരെ ക്ലിയറായിട്ട് പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും പറഞ്ഞ അഭിപ്രായങ്ങളിലൊന്നും വ്യത്യാസമില്ല. പക്ഷേ ഒരു കുഴപ്പമുണ്ട്. കസ്തൂരി രംഗൻ റിപ്പോർട്ട്, ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് 18 മാസത്തിനകം ഫൈനൽ നോട്ടിഫിക്കേഷൻ ഇറക്കണം. അതാണ് നിയമം. ആ നിയമമുള്ള സ്ഥിതിക്ക് കഴിഞ്ഞ 10 മാസത്തിന് മുമ്പ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഉമ്മൻ വി ഉമ്മൻ റിപ്പോർട്ട് അംഗീകരിച്ചു എന്ന് കേരളാ ഗവൺമെന്റിന് വളരെ വ്യക്തമായി എഴുതി. ഇവിടെ സംഭവിച്ചതെന്താണ്. ഉമ്മൻ വി ഉമ്മൻ റിപ്പോർട്ടിൽ പച്ച, മഞ്ഞ, ചുവപ്പ് പെയിന്റ് അടിച്ച് കൊടുത്തിരിക്കുകയാണ്, സർവ്വേ

നമ്പർ വേണ്ടേ? ആ സർവ്വേ നമ്പർ വേണമെന്ന് 10 മാസത്തിനിടയിൽ 7 റിമൈൻഡർ കേരള സർക്കാരിലേക്ക് അയച്ചിട്ട് ഒരു മറുപടിയും കൊടുത്തിട്ടില്ല. അതാണ് പ്രശ്നമുണ്ടായത്. സർവ്വേ നമ്പർ വച്ച് കൊടുക്കണം. അതാണ് പ്രശ്നം. പക്ഷെ നമ്മൾ ഇതുവരെ റീ സർവ്വേ പൂർത്തീകരിച്ചിട്ടില്ല. വർഷങ്ങളായി റീ സർവ്വേ നടക്കുകയാണ്. ഇതുവരെ മലയോര മേഖലയിൽ റീ സർവ്വേ പൂർത്തീകരിച്ചിട്ടില്ല, സർവ്വേ നമ്പരില്ല. റൂൾ 304 പ്രകാരം സഭയിൽ ഇക്കാര്യം ഉന്നയിച്ചത് ഞാനാണ്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞതാണ്. മുഖ്യമന്ത്രി കോൺഫറൻസ് വിളിച്ചപ്പോൾ ഞങ്ങളെക്കൂടി വിളിക്കണ്ടേ? എന്റെ നിയോജക മണ്ഡലത്തിലെ 3 വില്ലേജും പഴയ നിയോജകമണ്ഡലത്തിലെ ഒരു വില്ലേജുമാണ് ഒഴിവായിട്ടുള്ളത്. റീ സർവ്വേ നമ്പറില്ലാത്തതാണ് കുഴപ്പം. ആ സർവ്വേ നമ്പർ കൊടുത്തില്ലെങ്കിൽ ഇനിയും കുഴപ്പമുണ്ടാകുന്നതാണ്. സർവ്വേ നമ്പർ പരിപാടിക്ക് എന്ത് മാർഗ്ഗമാണ് ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നത്? അതുപോലെതന്നെ EFL പ്രഖ്യാപിച്ചിട്ട് അത് പിൻവലിക്കുമെന്നും മാറ്റുമെന്നും മുഖ്യമന്ത്രി ഈ സഭയ്ക്ക് ഉറപ്പ് നൽകിയിട്ട് ഈ നിമിഷം വരെ EFL-ൽ അനധികൃതമായി ചേർത്ത ഭാഗം ഒഴിവാക്കിയിട്ടില്ല. ഇതിന് എന്ത് നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നതെന്ന് അറിയാൻ ആഗ്രഹമുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങിവിടെ പറഞ്ഞ 123 പരിസ്ഥിതിലോല വില്ലേജുകളിൽ 85 എണ്ണത്തിൽ മാത്രമാണ് റീ സർവ്വേ പൂർത്തിയാക്കിയിട്ടുള്ളത്. അതിൽ തന്നെ 43 വില്ലേജുകളിൽ പൂർണ്ണമായി റീ സർവ്വേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള പ്രോസസൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. സർവ്വേ നടത്തുന്നതിനുള്ള ബുദ്ധിമുട്ടുകൾ അങ്ങേയ്ക്കറിയാം. പെരുംകാട്ടിന്റെ മധ്യത്തിൽ നടത്തേണ്ടതുകൊണ്ടുള്ള പ്രയാസങ്ങളും അങ്ങേയ്ക്കറിയാം. പക്ഷേ ആ പ്രോസസെല്ലാം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇവിടെ സർവ്വേ നമ്പർ വേണമെന്ന് ഇന്ത്യാ ഗവൺമെന്റ് ഇൻസിസ്റ്റ് ചെയ്തിട്ടില്ല. കാരണം സർവ്വേ നമ്പരിന്റെ കാര്യത്തിലുള്ള പ്രയാസം അവർക്ക് അറിയാം. ഈ പറയുന്ന സ്ഥലങ്ങളിലെല്ലാം സർവ്വേ പൂർത്തിയാക്കാൻ കുറേ സമയമെടുക്കും. അവരും ഇക്കാര്യം പറഞ്ഞിട്ടില്ല. അവരും പറയാത്ത കാര്യങ്ങൾ നമ്മൾ കുത്തിപ്പൊക്കി ഒരു ഇഷ്യൂ ആക്കാൻ ആഗ്രഹിക്കുന്നില്ല. 119 വില്ലേജിനകത്ത് മനുഷ്യവാസ പ്രദേശങ്ങൾ ഐഡന്റിഫൈ ചെയ്ത് അതുകൂടി ഒഴിവാക്കിക്കൊണ്ടാണ് ഉമ്മൻ വി ഉമ്മൻ കമ്മിറ്റിയുടെ റിപ്പോർട്ടുള്ളത്. അതിനെയാണ് നമ്മൾ ഡിപ്പന്റ് ചെയ്യുന്നത്.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>: സർ, ഇ.എസ്.എ.-ൽ നിന്നും കർഷകരെ

രക്ഷിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ പ്രവർത്തിച്ചു. മറ്റ് ഒരു സ്റ്റേറ്റിലും ചെയ്യാത്ത കാര്യം ഈ ഗവൺമെന്റ് ചെയ്തു. അതിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. വനഭൂമിയുടെ വിസ്തൃതി കൂട്ടിയാൽ സംസ്ഥാനങ്ങൾക്ക് നോബൽ സമ്മാനത്തിന് തുല്യമായ ഒരു ഇന്റർനാഷണൽ അവാർഡ് കിട്ടുമെന്നു പറഞ്ഞ് കഴിഞ്ഞ സർക്കാരിന്റെ കാലത്തെ വനം വകുപ്പുമന്ത്രി എടുത്ത ധൃതി പിടിച്ച തീരുമാനങ്ങളല്ലേ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനേയും ഗാഡ്ഗിൽ, കസ്തൂരി രംഗൻ റിപ്പോർട്ടുകളേയും സ്വാധീനിച്ചതെന്നറിയാൻ എനിക്ക് ആഗ്രഹമുണ്ട്. അതുപോലെതന്നെ C.H. R., E. F. L. കാര്യത്തിലും ആ ഗവൺമെന്റ് ആ മന്ത്രി ചെയ്തിട്ടുള്ള വഴിവിട്ട, ധൃതി പിടിച്ച തീരുമാനങ്ങളാണ് ഇത്രയും വലിയ പ്രശ്നത്തിൽ കർഷകരെ എത്തിച്ചിരിക്കുന്നതെന്ന വിവരം അറിയുമോ? അതിന്റെ യഥാർത്ഥ വിവരം എന്താണ്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, C.H.R. ഭൂമി സംബന്ധിച്ച് നേരത്തേ എടുത്തിരുന്ന തീരുമാനമാണ്. എല്ലാവർക്കും അറിയാവുന്നതാണ്. അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന എല്ലാപേർക്കും അറിയാം. ആ സന്ദർഭത്തിൽ സഭയിലുണ്ടായിരുന്ന എല്ലാപേർക്കുമറിയാവുന്നതാണ്. റവന്യൂ ഡിപ്പാർട്ടുമെന്റും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും തമ്മിൽ C.H.R. സംബന്ധിച്ച് തർക്കമുണ്ടായപ്പോൾ

അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് റവന്യൂ ഭൂമിയാണ് C.H.R. ഭൂമിയെന്ന് തീരുമാനിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെതന്നെ മരത്തിന്റെ സംരക്ഷണം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിനാണെന്ന് തീരുമാനിച്ചു. തീരുമാനമെടുക്കുക മാത്രമല്ല, അന്ന് C.H.R. സംബന്ധിച്ച ഡിസ്പ്യൂട്ടിൽ ഹൈക്കോടതിയിൽ അഫിഡവിറ്റും കൊടുത്തിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം അഫിഡവിറ്റായി ഹൈക്കോടതിയിലുണ്ട്. അന്നത്തെ ഗവൺമെന്റിന്റെ കാലത്തുള്ളതാണ്. ഞാനതിനെ ക്വസ്റ്റ്യൻ ചെയ്യുന്നില്ല, യാഥാർത്ഥ്യം ഇതാണ്. ഈ മേഖലകളിൽ ദീർഘകാലമായി, പരമ്പരാഗതമായി താമസിക്കുന്ന ആളുകളുണ്ട്. ഉദാഹരണത്തിന് കട്ടപ്പന പഞ്ചായത്ത് വനഭൂമിയാണെന്ന് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? അത്യന്താധുനിക പട്ടണത്തിലുണ്ടാകേണ്ട എല്ലാ സൗകര്യത്തോടുംകൂടി ദീർഘകാലമായി മനുഷ്യൻ അധിവസിക്കുന്ന ഒരു പ്രദേശമാണത്. അതിനകത്താണ് തരംതിരിവ് വേണ്ടത്. കട്ടപ്പന പട്ടണവും വനത്തിന്റെ ഒരു സർവ്വേ നമ്പറിന്റെ ഭാഗമായി വരും. അതിന്റെ തൊട്ടപ്പുറത്ത് കുറച്ച് വനമുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷേ എല്ലാം ഒരു സർവ്വേ നമ്പറിലാണ്. അവിടെയാണ് നമുക്ക് പ്രശ്നം വന്നത്. അവിടെയാണ് ഉമ്മൻ വി ഉമ്മൻ കമ്മിറ്റിയെ നിയോഗിച്ച് ഇതിനകത്ത് ഒരു ഡിഫറൻസ് വരുത്തി, യാഥാർത്ഥ്യം കണ്ടെത്തി

അതിന്റെ അടിസ്ഥാനത്തിൽ പോകണമെന്ന് തീരുമാനിച്ചത്. വനം വകുപ്പിന്റെ ഈ സർവ്വേ നമ്പർ ഇങ്ങനെ കുഴഞ്ഞുമറിഞ്ഞ് കിടക്കുകയാണ്. നിലവിലുള്ള റിക്കോർഡുകൾക്ക് അപ്പുറത്തേയ്ക്ക് പോകാൻ വനം വകുപ്പിന് അധികാരമില്ല. അതുകൊണ്ടാണ് ഇ.എസ്.എ.-യുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഉമ്മൻ വി ഉമ്മനെ നിയോഗിച്ച് ഡിഫറൻസ് ഉണ്ടാക്കി യാഥാർത്ഥ്യം കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ കൊടുത്തത്.

## ലഹരി വസ്തുക്കൾക്ക് അടിമപ്പെടുന്ന വിദ്യാർത്ഥികൾ

(*602) ശ്രീമതി കെ. എസ്. സലീഖ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. ശിവൻകുട്ടി:
ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിയേറ്ററുകളിലും ഒഴിഞ്ഞ പ്രദേശങ്ങളിലും പാർക്കുകളിലും ലഹരി വസ്തുക്കളുമായി വിദ്യാർത്ഥികളെ കാണപ്പെടുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലഹരിവസ്തുക്കൾ ഉപയോഗിച്ച് ഉന്മാദാവസ്ഥയിൽ കുട്ടികളെ കണ്ടെത്തിയിട്ടുള്ളതായി അറിയാമോ;

(സി) സംസ്ഥാനത്തെങ്ങും ലഹരി വസ്തുക്കൾ ലഭിക്കുന്നതിന്റെയും വിദ്യാർത്ഥികൾ ഇതിന് അടിമപ്പെടുന്നതിന്റെയും കാരണങ്ങൾ പരിശോധിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ,

(എ & ബി) ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിക്കുന്നുണ്ട്. ലഹരി വസ്തുക്കളുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന അമിത ലാഭവും അന്യസംസ്ഥാന തൊഴിലാളികളുടെ നിയന്ത്രണാതീതമായ വരവും പോക്കും സർവ്വോപരി ഇത്തരം ലഹരി ഇടപാടുകളെക്കുറിച്ച് അധികാരികളെ വിവരങ്ങൾ അറിയിക്കുന്നതിന് പൊതുജനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപന അധികാരികൾക്കുമുള്ള വിമുഖതയും, മാറി മാറി വരുന്ന ജീവിത സാഹചര്യങ്ങളും നവ ദൃശ്യ മാധ്യമങ്ങളുടെ സ്വാധീനവും അലോപ്പതി മരുന്നുകളുടെ വിപണനത്തിൽ പാലിക്കേണ്ട നിയന്ത്രണങ്ങൾ യഥാവിധി പാലിക്കാത്തതും സംസ്ഥാനത്ത് ചെറിയ അളവിലെങ്കിലും ലഹരിവസ്തുക്കൾ ലഭിക്കുന്നതിനും ഉപയോഗിക്കുന്നതിനും കാരണമാകുന്നുണ്ട്. കൂടാതെ കൂട്ടുകെട്ടുകളുടെയും എളുപ്പത്തിലുള്ളതും നൈമിഷികവുമായ സുഖാനുഭൂതിയിലുള്ള വർദ്ധിച്ചുവരുന്ന താൽപര്യവും കൗമാര-യുവ കാലഘട്ടത്തെ ശരിയായ രീതിയിൽ നേരിടാൻ പ്രാപ്തരാക്കുന്നതിന് ഉചിതമായ മാതൃകകൾ സൃഷ്ടിക്കുന്നതിലുണ്ടായ അപചയവും വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളോടുള്ള ആസക്തി വർദ്ധിപ്പിക്കുന്നു എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്.

ശ്രീമതി കെ. എസ്. സലീഖ: സർ, ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ട്

തലച്ചോറ് മലിനമാക്കി, സ്വന്തം പ്രതിഭയെ നശിപ്പിച്ച് അലഞ്ഞ് തിരിയുന്ന നിരവധി ചെറുപ്പക്കാരാണ് നമുക്ക് ചുറ്റുമുള്ളത്. മയക്കുമരുന്നും പുകയില ഉല്പന്നങ്ങളും അന്യ സംസ്ഥാനങ്ങളിൽ നിന്നും ബൾക്കായി കൊണ്ടുവന്ന് വിറ്റ് പണമുണ്ടാക്കി സമൂഹത്തിൽ ഞെളിഞ്ഞ് നടക്കുന്ന നിരവധി ആളുകളുണ്ട്. അവരെ പൂർണ്ണമായും ഒറ്റപ്പെടുത്താൻ കഴിയണം. അവർ നടത്തുന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് തടയിടാൻ സമൂഹത്തിനും വലിയ ബാദ്ധ്യതയുണ്ട്. അതോടൊപ്പം അതിനനുസരിച്ച നിയമങ്ങളും കടുത്ത ശിക്ഷാനിയമങ്ങളും ഉണ്ടാകേണ്ടതുണ്ട് എന്ന അഭിപ്രായമാണുള്ളത്. ഇവയൊക്കെ സപ്ലൈ ചെയ്യുന്നവർക്കെതിരെ ഇന്ന് സ്വീകരിക്കുന്ന ശിക്ഷാ നടപടികൾ തികച്ചും അപര്യാപ്തമാണ്. അതുകൊണ്ട് ഇതിന്റെ വ്യാപനം തടയണമെങ്കിൽ ശിക്ഷാനടപടികൾ കടുത്തതാക്കേണ്ടതുണ്ട്. അത് അനിവാര്യമാണ്. പുതുതലമുറയെ രക്ഷിക്കുന്നതിനുവേണ്ടി ഇത് സപ്ലൈ ചെയ്യുന്ന ആളുകൾക്ക് കടുത്ത ശിക്ഷ നൽകുന്നതിനുവേണ്ടി തയ്യാറാകുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മയക്കുമരുന്നിന്റെ വില്പനയും കടത്തിക്കൊണ്ടുവരവും തടയാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കോപ്റ്റ ആക്ട് അനുസരിച്ചും എൻ.ഡി.പി.എസ്. ആക്ട് അനുസരിച്ചും അബ്കാരി ആക്ട് അനുസരിച്ചും കേരളാ പോലീസ് ആക്ട് അനുസരിച്ചുമാണ് ഇപ്പോൾ കേസുകൾ

എടുത്തുകൊണ്ടിരിക്കുന്നത്. ഇതിൽ എൻ.ഡി.പി.എസ്. ആക്ടിന് ഒരു അപാകതയുണ്ട്. അതായത്, 999 ഗ്രാം വരെയുള്ള മയക്കുമരുന്ന് കയ്യിൽ വയ്ക്കുന്ന ആളിനെ പോലീസ് അറസ്റ്റ് ചെയ്താൽ അയാൾക്ക് സ്റ്റേഷൻ ജാമ്യം കിട്ടും. കാരണം ഒരു കിലോയ്ക്ക് മുകളിൽ കൈവശം വയ്ക്കുന്നവർക്കെതിരെ മാത്രമേ കർശനമായ നടപടികളെടുക്കാൻ സാധ്യമാകുകയുള്ളൂ. അത് ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് ഞാൻ തന്നെ കത്തയയ്ക്കുകയും നേരിൽക്കണ്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ അബ്കാരി ആക്ട് അനുസരിച്ചും കേരള പോലീസ് ആക്ട് അനുസരിച്ചും കോപ്റ്റ ആക്ട് അനുസരിച്ചുമാണ് നടപടികൾ സ്വീകരിച്ചു വരുന്നത്.

ശ്രീമതി കെ. എസ്. സലീഖ: സർ, പുകയില ഉൽപ്പന്നങ്ങൾ വണ്ടികളിൽ വ്യാപകമായി ലോഡ് കണക്കിനാണ് വരുന്നത്. കേരളത്തിൽ മയക്കുമരുന്ന് ഉപയോഗവുമായി ബന്ധപ്പെട്ട് നാലുവർഷത്തിനിടയ്ക്ക് അയ്യായിരത്തോളം കേസ്സുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇതിൽ 220 എണ്ണം അന്യസംസ്ഥാന തൊഴിലാളികളുടെ പേരിലുള്ള കേസ്സാണ്. ഇപ്പോൾ സ്കൂളുകളിലും കോളേജുകളിലുമൊക്കെ ലഹരിവിരുദ്ധ ക്ലബ്ബുകൾ ഉണ്ട്. 'ക്ലീൻ കാമ്പസ്, സേഫ് കാമ്പസ്' എന്ന പദ്ധതി പ്രകാരം ഗവൺമെന്റ് ആരംഭിച്ചിട്ടുള്ള ചില

നടപടിക്രമങ്ങളുമുണ്ട്. സംസ്ഥാന സർക്കാരിന്റെ മിഷൻ 676-ൽ കോടിക്കണക്കിന് രൂപയാണ് ഇതിന്റെ പ്രചരണത്തിനുവേണ്ടി ചെലവഴിക്കപ്പെട്ടിട്ടുള്ളത്. നാലുകൊല്ലക്കാലത്തിനിടയ്ക്ക് ഇതിനുവേണ്ടി 3.42 കോടി രൂപ ചെലവഴിക്കുകയുണ്ടായി. പക്ഷേ ഇതിന്റെ ഗുണം എത്രത്തോളം നമ്മുടെ സമൂഹത്തിനുണ്ടായി എന്നത് പരിശോധിക്കേണ്ടതായുണ്ട്. പുതുതലമുറയെ സംരക്ഷിക്കണമെങ്കിൽ പുകയില ലഹരി ഉൽപ്പന്നങ്ങളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് സ്കൂളുകളിലും വാർത്താമാധ്യമങ്ങളിലുമൊക്കെ കൂടുതൽ പ്രചരണം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. ക്ലീൻ കാമ്പസ്, സേഫ് കാമ്പസ് പദ്ധതി സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളുമായി ചർച്ച നടത്തികൊണ്ട് വ്യാപകമായ പ്രചരണത്തിന് സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട കെ. എസ്. സലീഖ ചൂണ്ടിക്കാണിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. സംസ്ഥാനത്ത് യുവതലമുറയിൽ ഇന്ന് മയക്കുമരുന്നിന്റെ സ്വാധീനം വർദ്ധിച്ചുവരികയാണ്. അതുകൊണ്ടാണ് ഗവൺമെന്റ് 'ക്ലീൻ കാമ്പസ്, സേഫ് കാമ്പസ്' എന്ന പദ്ധതി ആരംഭിച്ചത്. സംസ്ഥാനത്ത് ഇതുവരെ, ഇന്ന് രാവിലെവരെ 38,570 റെയ്ഡുകൾ നടത്തി; 9,897

കേസ്സുകൾ രജിസ്റ്റർ ചെയ്തു; 9,592 അറസ്റ്റുകൾ നടന്നു; പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്ന ആളുകളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. സ്കൂളുകളുടെ പരിസരങ്ങളിൽ ഇത്തരം പുകയില ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ലെന്നുള്ള നിയമം നിലവിലുണ്ട്. സംസ്ഥാനത്ത് വിദ്യാഭ്യാസം, ആരോഗ്യം, എക്സൈസ് എന്നീ വകുപ്പുകളുമായി ആലോചിച്ചാണ് ഈ പദ്ധതി നടപ്പാക്കികൊണ്ടിരിക്കുന്നത്. സ്കൂളുകളിൽ 'ക്ലീൻ കാമ്പസ്, സേഫ് കാമ്പസ്' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വ്യാപകമായി പ്രചരണ പരിപാടികൾ നടത്തിവരുന്നുണ്ട്. അതിന്റെ രണ്ടാം ഘട്ടവും ആരംഭിച്ചിട്ടുണ്ട്. പ്രശസ്ത സിനിമാതാരം മമ്മൂട്ടിയാണ് ഇതിന്റെ ബ്രാൻഡ് അംബാസിഡർ. അദ്ദേഹം അഭിനയിച്ച ഒരു സിനിമ ഇപ്പോൾ എല്ലാ സ്കൂളുകളിലും എത്തിക്കാൻ ശ്രമിക്കുന്നുണ്ട്. കേരളത്തിലെ സ്കൂളുകളിൽ വ്യാപകമായി ഇതിനെതിരായുള്ള അവബോധം സൃഷ്ടിക്കാനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, ലോകത്തെല്ലായിടത്തും മയക്കുമരുന്ന് വ്യാപാരത്തിന് നേതൃത്വം കൊടുക്കുന്ന ടെററിസ്റ്റ് സംഘടനകളുണ്ട്. കേരളത്തിൽ അത്തരമെന്തെങ്കിലും ബന്ധങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മാവോയിസ്റ്റ് ഉൾപ്പെടെയുള്ള ഭീകരവാദ പ്രസ്ഥാനങ്ങളുമായി മയക്കുമരുന്ന്

വ്യാപാരത്തിന് എന്തെങ്കിലും ബന്ധമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അധികാരം വികേന്ദ്രീകരിച്ചതുപോലെതന്നെ മയക്കുമരുന്ന് വ്യാപാരവും വികേന്ദ്രീകരിച്ചാണ് നടത്തികൊണ്ടിരിക്കുന്നത്. ഒരു കിലോ മുതൽ അഞ്ചു കിലോവരെയുള്ള മീഡിയം ക്വാണ്ടിറ്റി കഞ്ചാവ് കയ്യിൽ വച്ചാൽ സ്റ്റേഷൻ ജാമ്യം കൊടുക്കണമെന്നുള്ള സ്ഥിതി തുടരുകയാണ്. സ്വാഭാവികമായും സ്റ്റേഷൻ ജാമ്യം കിട്ടുന്ന സാഹചര്യമുണ്ടാകുമ്പോൾ യഥാർത്ഥ പ്രതികളെ പിടിക്കാൻ കഴിയുന്നില്ല. കഞ്ചാവ് പൊതികൾ വികേന്ദ്രീകരിച്ച് വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കാനുള്ള എന്തെങ്കിലും പ്രത്യേക പ്ലാൻ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ ശരിയാണ്. നർക്കോ ടെററിസം ഇന്ന് ലോകത്തെമ്പാടും വലിയൊരു ഭീഷണിയാണ്. തീവ്രവാദ പ്രവർത്തനത്തിന് പണം ലഭിക്കുന്നത് ഇത്തരം പ്രവർത്തനങ്ങൾ വഴിയാണ്. ഡ്രഗ്സിന്റെ വ്യാപനവും വിതരണവും ലോകരാജ്യങ്ങളിൽ വലിയൊരു പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. അത് കേരളവും ഇന്ത്യയും ഗൗരവപൂർവ്വം കാണേണ്ടതാണ്. വിമാനത്താവളങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ദീർഘദൂര ട്രെയിനുകൾ തുടങ്ങിയവയെല്ലാം വ്യക്തമായി

പരിശോധിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ ബ്രാഞ്ചും ഇന്റലിജൻസ് ബ്യൂറോയുമായി ബന്ധപ്പെട്ട് ഇതിന്റെ പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. കേരളത്തിലേയ്ക്ക് ഇത്തരം മയക്കുമരുന്നുകൾ കടത്തികൊണ്ടുവരാൻ സാദ്ധ്യതയുള്ള മേഖലകളിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നമ്മുടെ പുതിയ തലമുറയെ ഇതിൽനിന്നും രക്ഷിക്കുക എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ഇന്ത്യ, മ്യാൻമാർ എന്നീ രാജ്യങ്ങളാണ് ഗോൾഡൻ ക്രസന്റിൽ ഉൾപ്പെടുന്നത്. ഇന്ത്യയിലേയ്ക്ക് ഈ പ്രദേശങ്ങളിൽനിന്നും മയക്കുമരുന്ന് എത്തികൊണ്ടിരിക്കുന്നുണ്ട്. ഇത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിലുമുള്ള കാര്യമാണ്. കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കുന്നുണ്ട്. ഗോൾഡൻ ക്രസന്റിന്റെ ഒരു പാസ്സേജായി തന്നെ നമുക്ക് ഇന്ത്യയെ കണക്കാക്കാൻ കഴിയും. അതുകൊണ്ട് തീവ്രവാദപ്രവർത്തനങ്ങൾക്കും അക്രമപ്രവർത്തനങ്ങൾക്കുമൊക്കെ പണം സ്വരൂപിക്കാൻ വേണ്ടി ഇത്തരം ഡ്രഗ്സ് മാഫിയ നടത്തുന്ന പ്രവർത്തനങ്ങളെ വളരെ ഗൗരവപൂർവ്വം ഗവൺമെന്റ് കണക്കിലെടുത്തുകൊണ്ട് അതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ദേശീയ അടിസ്ഥാനത്തിലുള്ള ലഹരി മരുന്നിന്റെ

ഉപയോഗവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. നമ്മുടെ സംസ്ഥാനത്തിലെ കൊച്ചുകുട്ടികളുടെ കാര്യമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. രണ്ട് കുട്ടികൾ തമ്മിൽ രാവിലെ സംസാരിക്കുകയാണ്. ഇന്ന് നീ ബട്ടൻസിട്ടോ, ഇല്ലെങ്കിൽ നിനക്ക് എസ്പി തരാം. ബട്ടൻസ് എന്നുപറഞ്ഞാൽ ഒരു മയക്കുമരുന്നിന്റെ രഹസ്യപേരാണ്. എസ്പി എന്ന് പറയുന്നത് ആഭ്യന്തര വകുപ്പിന്റെ എസ്.പി അല്ല, കാൻസറിന് ഉപയോഗിക്കുന്ന മരുന്നാണ്. അത് കൂടുതലായി കഴിച്ചാൽ മയങ്ങുന്ന അവസ്ഥയുണ്ടാകും. തലസ്ഥാന നഗരിയിലെ മിക്കസ്കൂളുകളിലും രഹസ്യ സങ്കേതങ്ങളിൽ കുട്ടികൾ.... സ്കൂളിന്റെ പേരൊന്നും ഞാൻ പറയുന്നില്ല, എഴുതുമ്പോൾ ഉണ്ടാകുന്ന തെറ്റ് മായ്ക്കാൻ ഉപയോഗിക്കുന്ന വൈറ്റ്നർ, സൈക്കിൾ ട്യൂബ് പഞ്ചറാകുമ്പോൾ ഒട്ടിക്കാൻ ഉപയോഗിക്കുന്ന സൊല്യൂഷൻ തുടങ്ങിയവയെല്ലാം കർച്ചീഫിൽ വച്ച് ശ്വസിച്ച് മയങ്ങുകയാണ്. ഞാൻ ഈ വിഷയം ഡി.സി.പി.യുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ വളരെ പോസിറ്റീവായൊരു നിലപാടാണാണ് സ്വീകരിച്ചത്. പത്തനംതിട്ട ജില്ലയിലെ മൂന്ന് പെൺകുട്ടികൾ മരിച്ച സംഭവം ഇതുമായി ബന്ധപ്പെട്ടാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഈ സംഭവം അന്വേഷിക്കുന്നതിനുവേണ്ടി വിദഗ്ദ്ധന്മാരായ പോലീസ് ഓഫീസർമാർ പോലീസ്

സേനയിലുണ്ട്. ഐ.പി.എസ്.കാരനായ പോലീസ് ഉദ്യോഗസ്ഥനെ ഒരു പോലീസുകാരൻ കരണത്തടിക്കുന്ന സംഭവമുണ്ടായി. ആ പോലീസ് ഉദ്യോഗസ്ഥന് ഇക്കാര്യങ്ങൾ അന്വേഷിക്കാൻ എത്ര ആത്മാർത്ഥതയുണ്ടാകും, അങ്ങ് വേദിയിലേയ്ക്ക് കയറിവന്നപ്പോൾ ആട്ടുകല്ലിൽ കാറ്റുപിടിച്ചതുപോലെയിരുന്ന എ.ഡി.ജി.പി. ആർ.എസ്.എസ്.-ന്റെ ക്യാമ്പിൽ പോയിരിക്കുകയാണ്. എല്ലാ എ.ഡി.ജി.പി.മാരും ആർ.എസ്.എസ്.-ന്റെ ക്യാമ്പിൽ പോയാൽ പോലീസിൽ ആരെങ്കിലും വേണ്ടേ? ഇക്കാര്യങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടി ഇത്തരം ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തുന്നതിനു വേണ്ടിയുള്ള കാര്യംകൂടി അങ്ങ് സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ശ്രീ. വി. ശിവൻകുട്ടി ചോദിച്ച ആദ്യഭാഗത്തിന് ഞാൻ മറുപടി പറയാം. ഇന്ന് കേരളത്തിൽ വളരെ വ്യാപകമായ തോതിൽ മെഡിക്കൽ ഷോപ്പുകൾവഴി ചില മരുന്നുകൾ ദുരുപയോഗപ്പെടുന്നുവെന്നുള്ളത് ശരിയാണ്. 234 സൈക്കോട്രോപിക് സബ്സ്റ്റൻസുകളിൽ 228 എണ്ണവും ഇന്ന് മെഡിക്കൽ ഷോപ്പുകളിൽ ലഭിക്കുന്നുണ്ട്. മെഡിക്കൽ ഷോപ്പുകളിൽ കർശനമായ നിയന്ത്രണം ആവശ്യമാണ്. ആഭ്യന്തര വകുപ്പ് ആരോഗ്യവകുപ്പുമായി ഇക്കാര്യം സംസാരിച്ചിട്ടുണ്ട്. കുട്ടികൾക്ക് സിറിഞ്ച്

കൊടുക്കേണ്ട ആവശ്യമുണ്ടോ? അംഗീകൃത മെഡിക്കൽ പ്രാക്ടീഷണറുടെ അനുവാദമില്ലാതെ അല്ലെങ്കിൽ അവരുടെ റെക്കമെന്റേഷനില്ലാതെ സൈക്കോട്രോപിക് സബ്സ്റ്റൻസുകൾ വിതരണം ചെയ്യാൻ പാടില്ല എന്നുള്ള ശക്തമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മാത്രവുമല്ല, ആഭ്യന്തര വകുപ്പുസെക്രട്ടറി, ഡ്രഗ് കൺട്രോളർ, ആരോഗ്യ വകുപ്പ് സെക്രട്ടറി, ടൂറിസം വകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ളവരുമായി ഒരു യോഗം ചേർന്ന് കുട്ടികളിൽ വ്യാപകമാകുന്ന, ശ്രീ. വി. ശിവൻകുട്ടി ചൂണ്ടിക്കാണിച്ചതുപോലെ പല ഡ്രഗ്ഗുകളും ഇന്ന് ദുരുപയോഗം ചെയ്യുകയാണ്. കഫ് സിറപ്പിന്റെ ദുരുപയോഗം വളരെ കൂടികൊണ്ടിരിക്കുകയാണ്. ഇപ്പോൾ ബാറുകളൊക്കെ അടച്ചുപൂട്ടിയതോടുകൂടി മയക്കുമരുന്ന് ഉപയോഗം മൂന്നിരട്ടി വർദ്ധിച്ചുവെന്നാണ് കണക്ക്. ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്ന വൈറ്റ്നർ ലഹരി വസ്തുവായി ഉപയോഗിച്ച് നിരവധി സ്കൂളുകളിലെ കുട്ടികൾ അബോധാവസ്ഥയിലായ വിവരങ്ങളും സൈക്കിൾ ട്യൂബ് ഒട്ടിക്കുന്ന പശമണത്ത് കുട്ടികൾ ലഹരി കണ്ടെത്തുന്നതായുള്ള വിവരങ്ങളും ലഭിക്കുന്നുണ്ട്. കുട്ടികൾ ഇത് ഉപയോഗിക്കുന്നതിന് എതിരായിട്ടുള്ള അവബോധം സൃഷ്ടിക്കുന്നതിനായി ആഭ്യന്തരം, എക്സൈസ്, വിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി കൂടി ചേർന്ന് സ്കൂളുകളിൽ ഇതിനുള്ള പ്രചരണ പരിപാടികൾ നടത്തികൊണ്ടിരിക്കുകയാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, നമ്മുടെ സമൂഹത്തിലെ ചെറുപ്പക്കാർക്കും കുട്ടികൾക്കുമിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം എത്രമാത്രം ഭീകരമായി വ്യാപിക്കുന്നു എന്നതിനെക്കുറിച്ചുള്ള ചർച്ചയാണ് ഇവിടെ നടന്നത്. എസ്പി, ബട്ടൻസ് എന്നൊക്കെ ഇവിടെ സൂചിപ്പിച്ചിരുന്നു. മരുന്നുകൾ കഴിച്ചാലും കഞ്ചാവിന്റെ ചെറിയ പൊതികൾ ഉപയോഗിച്ചാലും ശിക്ഷയായി 200 രൂപ പെറ്റിയടിച്ചുവിടും എന്നതുകൊണ്ട് ചെറിയ പൊതികളാക്കി ഇവ ധാരാളമായി എല്ലാ സ്ഥലത്തും എത്തിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. റിപ്പോർട്ട് ചെയ്യപ്പെടുന്നതിനെക്കാൾ എത്രയോ മടങ്ങ് നാനാതരത്തിലുള്ള ലഹരിവസ്തുകൾ കുട്ടികളിലേയ്ക്ക് എത്തുന്നുണ്ട് എന്നത് നമുക്കെല്ലാം മനസിലാകുന്ന കാര്യമാണ്. സ്കൂൾ ക്യാമ്പസുകൾ ലഹരിമുക്ത ക്യാമ്പസുകളാക്കാനുള്ള വിവിധ പദ്ധതികൾക്കായി മൂന്ന് കോടിയിലധികം രൂപ ചെലവഴിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ നമുക്ക് ദിനംതോറും ലഭിക്കുന്ന റിപ്പോർട്ട് ലഹരിവസ്തുക്കളുടെ ഉപയോഗം വൻതോതിൽ വർദ്ധിക്കുന്നു എന്നാണ്. അതിന്റെ ഫലമായി കുടുംബ കലഹങ്ങൾ, സ്ത്രീപീഡനങ്ങൾ, കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങൾ എന്നിവ വർദ്ധിച്ചുവരുന്നു. ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് പാഠ്യ പദ്ധതികൾ പരിഷ്കരിച്ച് കഥ,

നാടകം, ഡെമോൺസ്ട്രേഷൻ തുടങ്ങിയ രൂപത്തിലൂടെ കുട്ടികളുടെ മനസ്സിലേയ്ക്ക് എത്തുന്ന തരത്തിൽ നല്ല രീതിയിലുള്ള അവബോധം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; അതോടൊപ്പം സ്കൂളുകളിൽ കുട്ടികൾക്ക് ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ ദിവസവും 5 മിനിട്ടെങ്കിലും മാറ്റിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലുള്ള പ്രചരണ പരിപാടികൾ ആഭ്യന്തര വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. സിനിമകൾ, നാടകങ്ങൾ തുടങ്ങി കലാപരിപാടികളുൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പാക്കുന്നുണ്ട്. പാഠപുസ്തകങ്ങളിൽ ഇത് ഉൾപ്പെടുത്താനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. മാവോയിസ്റ്റുകൾ കഞ്ചാവുകൃഷിയെ പ്രോത്സാഹിപ്പിക്കുന്നു എന്ന വിവരമുള്ളതായി ബഹുമാനപ്പെട്ട മെമ്പർ പി. ശ്രീരാമകൃഷ്ണൻ പറഞ്ഞിരുന്നു. അതിനെതിരെയുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടുവരികയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സംസ്ഥാനത്ത് ലഹരിവസ്തുക്കളുടെ ഉപയോഗം കൂടുന്നതിനനുസരിച്ച് വളരെയധികം അറസ്റ്റുകളും ഉണ്ടായിട്ടുണ്ട്. എന്റെ മണ്ഡലമായ ചെങ്ങന്നൂരിൽ പോലീസും എക്സൈസും ചേർന്നുള്ള ഓപ്പറേഷനിൽകൂടി

ട്രെയിൻമാർഗ്ഗമുള്ള കഞ്ചാവ് കടത്തിൽ ധാരാളം അറസ്റ്റുകൾ ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഉണ്ടായിട്ടുണ്ട് എന്ന് പറയാമോ? അങ്ങ് സ്കൂളുകളിലും കോളേജുകളിലും ചലച്ചിത്രതാരം മമ്മൂട്ടി അഭിനയിച്ച ലഹരിക്കെതിരായുള്ള സിനിമ പ്രദർശിപ്പിക്കുമെന്ന് പറയുകയുണ്ടായി. എന്നാൽ ചില സിനിമകൾ ലഹരിയെ പ്രോത്സാഹിപ്പിക്കുന്നവയാണ്. സെൻസർ ബോർഡുമായി ബന്ധപ്പെട്ട് ധാരാളം വിവാദങ്ങൾ .............. ഈ വിഷയമല്ലാത്തതുകൊണ്ട് അത് സംബന്ധിച്ച് ഞാൻ പറയുന്നില്ല. അടുത്ത കാലത്ത് റിലീസ് ചെയ്ത ഇടുക്കി ഗോൾഡ് എന്ന സിനിമ കഞ്ചാവുമായി ബന്ധപ്പെട്ട സിനിമയാണ്. ക്യാമ്പസുകളിൽ കഞ്ചാവ് ഉപയോഗിക്കുന്നത് ഹീറോയിസത്തിന്റെ ഭാഗമാക്കി മാറ്റിയതിൽ ആ സിനിമയ്ക്ക് വലിയ പങ്കുണ്ട്. അത്തരം സിനിമകൾ സെൻസർ ചെയ്യാൻ ചുമതലപ്പെടുത്തിയിരിക്കുന്ന ആളുകളുടെ ഉത്തരവാദിത്വം എന്താണെന്ന് പരിശോധിക്കുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, എത്ര റെയ്ഡുകൾ നടത്തിയെന്നും എത്ര അറസ്റ്റുകളുണ്ടായി എന്ന കാര്യവും ഞാൻ സൂചിപ്പിച്ചിരുന്നു. 9592 പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച കാര്യം ആഭ്യന്തര വകുപ്പ് സെക്രട്ടറിയോട് സെൻസർ ബോർഡുമായി ബന്ധപ്പെട്ട് നടപടികൾ

സ്വീകരിക്കാൻ ആവശ്യപ്പെടുന്നതാണ്.

ശ്രീ എളമരം കരീം: സർ, കലാലയങ്ങളിലെ വിദ്യാർത്ഥികൾക്കിടയിൽ കണ്ടുവരുന്ന ലഹരിമരുന്നിന്റെ ഉപയോഗവും മറ്റും നമ്മൾ മനസ്സിലാക്കിയതിനെക്കാൾ എത്രയോ ഭയാനകമാണ്. കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണറായിരുന്ന വിജയന്റെ നേതൃത്വത്തിൽ 2010-ൽ കോഴിക്കോട് ജില്ലയിൽ നടത്തിയ അന്വേഷണവും പരിശ്രമവുമാണ് ഇത് സംബന്ധിച്ച് ഒട്ടേറെ സംഭ്രമജനകമായ വാർത്തകൾ അന്ന് പുറത്ത് കൊണ്ടുവന്നത്. അതിന്റെ അടിസ്ഥാനത്തിൽ our responsibility to children എന്ന പേരിൽ ഒരു പ്രസ്ഥാനം രൂപീകരിക്കുകയും ചെയ്തു. പിന്നീട് ആ പ്രസ്ഥാനം നാടിനുതന്നെ മാതൃകയായ രീതിയിൽ വളർന്നു. അതിന്റെ പ്രവർത്തനം ജനപ്രതിനിധികളെയും രാഷ്ട്രീയ സാമൂഹ്യപ്രവർത്തകരെയും മാധ്യമങ്ങളെയുമെല്ലാം കൂട്ടിയിണക്കിക്കൊണ്ട് സമഗ്രമായി നടത്തിയാൽ വലിയ ഫലം സിദ്ധിക്കും. അതിന്റെ പ്രവർത്തനം സംസ്ഥാനവ്യാപകമായുണ്ട്. എന്നാൽ അതിന്റെ മേൽനോട്ടം ആഭ്യന്തര വകുപ്പ് തന്നെ വഹിക്കണം. അങ്ങനെ ഒരു വിപുലീകരണം ഈ പദ്ധതിക്ക് വേണം എന്ന അഭിപ്രായത്തോട് താങ്കളുടെ നിലപാട് എന്താണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ നല്ല

നിർദ്ദേശമാണ്. അദ്ദേഹം സൂചിപ്പിച്ച കോഴിക്കോട്ടുള്ള പ്രോഗ്രാം, കോട്ടയം ജില്ലാ പോലീസിന്റെ ഓപ്പറേഷൻ ഗുരുകുലം എന്ന പ്രോഗ്രാം തുടങ്ങി ഇതുപോലുള്ള പ്രോഗ്രാമുകളെ ക്രോഡീകരിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഒറീസ്സ, ജാർഖണ്ഡ് തുടങ്ങിയ ഇതര സംസ്ഥാനങ്ങളിൽനിന്ന് വരുന്ന തൊഴിലാളികളുടെ അലിഖിതമായ സംസ്കാരത്തിന്റെ ഭാഗമാണ് opium usage. ബ്രിട്ടീഷ് ഭരണകാലത്ത് ഓപ്പിയം യുദ്ധങ്ങൾ നടന്നത് ഇതിന്റെ പേരിലാണ്. ഈയൊരു കൾച്ചറൽ ആസ്പെക്ട് മനസ്സിലാക്കിക്കൊണ്ട് ഇവയുടെ വർദ്ധിച്ചുവരുന്ന പ്രചരണം തടയാൻ ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഉണ്ട്. കേരളത്തിന്റെ സംസ്കാരം ഇതിനെതിരാണ്. വ്യാപകമായി ഇതിനെതിരായുള്ള ക്യാമ്പയിൻ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ പ്രദേശങ്ങളിൽനിന്ന് വരുന്ന ദീർഘദൂര ട്രെയിനുകളെ പ്രത്യേകം പരിശോധിച്ച് ലഭിക്കുന്ന ഇത്തരം സബ്സ്റ്റൻസുകൾ കോൺഫിസ്കേറ്റ് ചെയ്യാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

മി. സ്പീക്കർ: ഇന്ന് ഒരു അടിയന്തര ചോദ്യമുണ്ട്. ഒരു കാര്യം ചെയർ പ്രത്യകം എടുത്തുപറയുന്നു. ചോദ്യം ചോദിക്കുമ്പോൾ ആതറൈസേഷൻ കൊടുക്കാം. പക്ഷേ

ആതറൈസേഷൻ കൊടുത്തുകഴിഞ്ഞാൽ യഥാർത്ഥ ചോദ്യകർത്താവ് സഭയിൽ ഇരിക്കാൻ പാടില്ല. ഇന്ന് അങ്ങനെ സംഭവിച്ചിട്ടുണ്ട്. ഇനി അത് ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

**റോഡപകടം സംഭവിച്ചവർക്ക് അടിയന്തര ചികിത്സ**

(2) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽപ്പെട്ട് അടിയന്തര ചികിത്സ ലഭിക്കാത്തതുകൊണ്ട് മരണപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടത്തിൽപ്പെടുന്നവർക്ക് സ്വകാര്യ ആശുപത്രികളിലും അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിനായി റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിക്കുവാൻ അനുമതി നൽകുമോ;

(സി)റോഡപകടത്തിൽപ്പെട്ട് സ്വകാര്യ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് പണമില്ലാത്തതിന്റെ പേരിൽ അടിയന്തര ചികിത്സ നിഷേധിക്കുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ മതിയായ നിയമങ്ങൾ നിലവിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ മതിയായ നിയമനിർമ്മാണം

നടത്തുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റോഡ് അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സയ്ക്കായി റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുവാൻ നിയമത്തിൽ നിലവിൽ വ്യവസ്ഥ ഇല്ല.

(സി) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ നിഷേധിക്കുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ നടപടിയെടുക്കാൻ നിലവിൽ നിയമമില്ല. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ [Pt. Parmanand Kerala v Union of India (AIR 1989 Supreme Court 2039)-ൽ] അടിസ്ഥാനത്തിൽ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സ്വകാര്യ ആശുപത്രികളിൽ അടിയന്തര ചികിത്സ നൽകണമെന്നും അത് നിരസിക്കുന്ന പക്ഷം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുമെന്നും കാണിച്ച് റോഡ് സുരക്ഷാ കമ്മീഷണർ കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ പ്രസിഡന്റിനും ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (കേരള) പ്രസിഡന്റിനും കത്ത് നൽകിയിട്ടുണ്ട്.

ശ്രീ. എം. ഹംസ: സർ, കേരളം ഏറ്റവും കൂടുതൽ റോഡപകടങ്ങൾ നടക്കുന്ന

സംസ്ഥാനമാണ്. കഴിഞ്ഞവർഷം 36282 അപകടങ്ങളിലായി 4049 മരണങ്ങൾ നടന്നു. ഇത്തരം സന്ദർഭത്തിൽ ചില മരണങ്ങൾ നമുക്ക് ഒഴിവാക്കാമായിരുന്നു. വളരെ കൃത്യമായി ചികിത്സ ലഭിച്ചിരുന്നുവെങ്കിൽ റോഡപകടങ്ങളിൽപ്പെട്ട പലരും മരണത്തിൽനിന്ന് രക്ഷപ്പെട്ടുമായിരുന്നു. ഇത്തരം അടിയന്തര ചികിത്സയ്ക്കായി റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കാൻ കഴിയുമോ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അതിന് നിലവിൽ നിയമം ഇല്ല എന്നാണ്. നിയമഭേദഗതി വരുത്തി റോഡ് സുരക്ഷാ ഫണ്ട് അടിയന്തര ചികിത്സയ്ക്കായി ഉപയോഗിക്കാനുള്ള സംവിധാനം കളക്ടറെയോ ജോയിന്റ് ആർ.ടി.ഒ. മാരെയോ ഉൾപ്പെടുത്തി നടപ്പാക്കുമോ? മറ്റൊന്ന്, അടിയന്തര ചികിത്സ ലഭിക്കാനായി ആശുപത്രിയിൽ എത്തിച്ചാൽ തന്നെ ഇവർ അനാഥരാണെന്നും ഇവരോടൊപ്പം സമ്പന്നരില്ലെന്നും അറിഞ്ഞാൽ സ്വകാര്യ ആശുപത്രികൾ ചികിത്സ നിഷേധിക്കുകയാണ് ചെയ്യുന്നത്. എന്റെ നാട്ടിൽ ഒരു വിദ്യാർത്ഥി അടിയന്തര ചികിത്സ ലഭിക്കാതെ മണിക്കൂറുകളോളം ആശുപത്രിയിൽ കിടന്ന് മരണപ്പെട്ട അനുഭവമുണ്ട്. സ്വകാര്യ ആശുപത്രികൾ ചികിത്സ നിഷേധിച്ചാൽ പ്രോസിക്യൂഷൻ നടപടിയെടുക്കണമെന്ന് സുപ്രീം കോടതി പറഞ്ഞിട്ടും നിയമമില്ല എന്ന പോരായ്മയുണ്ട്; നിയമം കൊണ്ടുവരുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അതാണ് അങ്ങയുടെ ചോദ്യത്തിന്

ഞാൻ ഉത്തരം പറഞ്ഞത്. നേരത്തെതന്നെ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതാണെന്ന് സൂചിപ്പിച്ചുകൊണ്ട് കത്തുകൾ അയച്ചിട്ടുണ്ട്. ഐ.എം.എ.-യെയും വിവരം അറിയിച്ചിട്ടുണ്ട്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ റോഡപകടങ്ങളിലെ മരണത്തിന്റെ തോത് കുറഞ്ഞുവരികയാണ്. 2014 മെയ് മാസത്തിൽ 395 പേരാണ് മരണമടഞ്ഞതെങ്കിൽ 2015-ൽ അത് 358 ആയി കുറഞ്ഞിട്ടുണ്ട്. 37 മരണങ്ങളുടെ കുറവാണുള്ളത്. 2014 ജൂലൈ മാസത്തിൽ 147 മരണങ്ങളാണ് നടന്നതെങ്കിൽ, ഈ മാസത്തിൽ ഇതുവരെയുള്ള കണക്കനുസരിച്ച് 8 എണ്ണം കുറഞ്ഞ് 139 പേരാണ് മരണമടഞ്ഞത്. മരണനിരക്ക് കുറഞ്ഞുവരുന്ന സന്തോഷകരമായ സാഹചര്യമാണുള്ളത്. അത് നിലനിർത്തുന്നതിനോ കുറച്ചുകൊണ്ടുവരുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മാത്യു. റ്റി. തോമസ്: സർ, റോഡപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കുന്നവർ കേസുകളും മറ്റുമായി ബുദ്ധിമുട്ടുന്നതൊഴിവാക്കാൻ നടപടികൾ സ്വീകരിക്കാമെന്ന് നേരത്തെ സഭയിൽ പറഞ്ഞിരുന്നു. അടിയന്തര ചികിത്സ ലഭ്യമാക്കുന്ന ആളുകൾ നിരവധി നാളുകൾ കേസുമായി ബന്ധപ്പെട്ട് സാക്ഷി

പറയാനായി ബുദ്ധിമുട്ടുന്ന അവസ്ഥ ഇപ്പോഴും തുടരുന്നുണ്ട്. ആ അവസ്ഥ ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന് അപകടമുണ്ടാകുമ്പോഴുള്ള ഇമ്മീഡിയറ്റ് റെസ്പോൺസും മറ്റൊന്ന് ആശുപത്രിയിൽ എത്തിയതിനുശേഷമുള്ള ചികിത്സയുമാണ്. ഇമ്മീഡിയറ്റ് റെസ്പോൺസിന്റെ കാര്യത്തിൽ പലപ്പോഴും ആളുകൾ ഒഴിവായിപ്പോകുന്ന ദു:ഖകരമായ സാഹചര്യമാണുള്ളത്. ആശുപത്രിയിൽ ചെന്നുള്ള ചികിത്സയ്ക്ക് ആവശ്യമായ നടപടിയുണ്ടാകും. ചികിത്സ സൗജന്യമാക്കും എന്നത് സംബന്ധിച്ച് പ്രധാനമന്ത്രിയുടെ പ്രസ്താവന പത്രത്തിൽ വായിച്ചിരുന്നു. അങ്ങനെ ഇന്ത്യാ ഗവൺമെന്റ് ഒരു നയം കൊണ്ടുവന്നാൽ നമുക്ക് അത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും.

(ചോദ്യോത്തര സമയം കഴിഞ്ഞു)